# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSA KLM/P5/ 1904 /2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 21/11/2023
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM/P5/ 1904 /2023 തീയ്യതി: 21/11/2023

## കൊല്ലം ജില്ലയിലെ കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ..അനിൽകുമാർ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 20-10-2023 | 31-10-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 20-10-2023 | 31-10-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. നവീൻ ചന്ദ്രൻ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി അമ്പിളി.ജി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ജൂഡിറ്റ് വർഗ്ഗീസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ഹർഷ.എൽ, ഓഡിറ്റർ (25.10.23 to 31.10.23)

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി സുദീപ എസ് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.ബിജു. എസ് | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. രാജേഷ് | അസി. സെക്രട്ടറി | 01-04-2022 | 13-02-2023 |
| ശ്രീമതി. രാജി.എം. എൽ | അസി. സെക്രട്ടറി | 14-02-2023 | 31-03-2023 |
| ശ്രീമതി. സാലിഹ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി. സരോജം. റ്റി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ഡോ.പ്രശാന്ത് | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി | 01-04-2022 | 31-03-2023 |
| ഡോ.ശരത്ത് എൻ | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2022 | 01-06-2022 |
| ഡോ. ജിജ്ജു രാജ് | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-06-2022 | 31-03-2023 |
| ഡോ. മായ ടി ആർ | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2022 | 31-03-2023 |
| ഡോ. ശ്രീകല | മെഡിക്കൽ ഓഫീസർ സിദ്ധ | 01-04-2022 | 01-06-2022 |
| ഡോ. ശാന്തിഭൂഷൻ . കെ. എസ് | മെഡിക്കൽ ഓഫീസർ സിദ്ധ | 01-06-2022 | 31-03-2023 |
| ശ്രീമതി മഞ്ജു എ | വി.ഇ.ഒ. കല്ലുവാതുക്കൽ സർക്കിൾ | 01-04-2022 | 31-03-2023 |
| ശ്രീമതി പ്രതീഷ സത്യൻ | വി.ഇ.ഒ പാരിപ്പള്ളി സർക്കിൾ | 01-04-2022 | 09-08-2022 |
| ശ്രീമതി തുഷാര | വി.ഇ.ഒ പാരിപ്പള്ളി സർക്കിൾ | 10-08-2022 | 31-03-2023 |
| ശ്രീ. ചാരുതാർഥ് | വി.ഇ.ഒ. വേളമാനൂർ സർക്കിൾ | 01-04-2022 | 31-03-2023 |
| ശ്രീമതി സോണി. ആർ | ഹെഡ്മിസ്ട്രസ്സ് | 01-04-2022 | 31-03-2023 |
| ശ്രീമതി ഇന്ദു എസ് വി | ഡെയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 19-08-2022 |

| | | | |
|---|---|---|---|
| ശ്രീ. വിനോദ് . വി. എസ് | ഡെയറി ഫാം ഇൻസ്ട്രക്ടർ | 20-08-2022 | 07-12-2022 |
| ശ്രീമതി. സന്ധ്യ. എം | ഡെയറി ഫാം ഇൻസ്ട്രക്ടർ | 08-12-2022 | 31-03-2023 |
| ശ്രീമതി ശ്രീജയ | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2022 | 31-03-2023 |
| ശ്രീ. ജെബിൻ ജെ ബി | അക്രെഡിറ്റഡ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീ. ജോണി. ജെ. ബോസ്കോ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2022 | 10-11-2022 |
| Vacant | അസിസ്റ്റന്റ് എഞ്ചിനിയർ | 11-11-2022 | 06-12-2022 |
| ശ്രീമതി. ശ്രീവിദ്യ.എസ് | അസിസ്റ്റന്റ് എഞ്ചിനിയർ | 07-12-2022 | 31-03-2023 |
| ശ്രീ. സന്തോഷ് എസ് | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-1 |
| 3 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടില്ല. | 1-1-2 |
| 4 | വാർഷിക കണക്കുകളുടെ ഷെഡ്യൂളുകൾ സമർപ്പിച്ചിട്ടില്ല. | 1-1-3 |
| 5 | രസീത് തെറ്റായ ശീർഷകത്തിൽ നൽകി. | 1-1-4 |
| 6 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. | 1-1-5 |
| 7 | രജിസ്റ്ററുകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല. | 1-1-6 |
| 8 | ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല. | 1-1-7 |
| 9 | ബാധ്യതകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയില്ല. | 1-1-8 |
| 10 | വാർഷിക കണക്കുകളിലെ തുകകളും അതാത് രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല. | 1-1-9 |
| 11 | ബജറ്റ് | 1-2 |
| 12 | സാമ്പത്തിക വിശകലനം | 1-3 |
| 13 | ഫണ്ട് വിനിയോഗം | 1-4 |
| 14 | പദ്ധതി അവലോകനം | 1-5 |
| 15 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 16 | ക്ഷേമ പദ്ധതികൾ | 1-7 |
| 17 | ക്യാഷ് പരിശോധന | 1-8 |
| 18 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 19 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 20 | തൊഴിൽ നികുതി ഈടാക്കിയില്ല. | 1-11 |
| 21 | ലേല തുക ഈടാക്കിയില്ല. | 1-12 |
| 22 | കെട്ടിട നികുതി നിർണയിച്ചതിൽ തറവിസ്തീർണം ഉൾപ്പെടുത്തിയില്ല. | 1-13 |
| 23 | കമ്മ്യൂണിറ്റി ഹാൾ വാടക - മുഴുവൻ തുകയും ഈടാക്കിയില്ല. | 1-14 |
| 24 | വാടക കുടിശ്ശിക ഈടാക്കിയില്ല. | 1-15 |
| 25 | വീട് മെയിന്റനൻസ് - വാലേഷനിലും അധികമായി തുക നൽകി. | 1-16 |

| | | |
|---|---|---|
| 26 | ലൈഫ് - തുക കൈപ്പറ്റിയവർ ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല, | 1-17 |
| 27 | കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ലഭ്യമായില്ല. | 1-18 |
| 28 | വനിതകൾക്ക് യോഗപരിശീലനം - മാർഗരേഖയിലില്ലാത്ത ചെലവ്. | 1-19 |
| 29 | മരുന്നുകൾ ലഭ്യമായില്ല. | 1-20 |
| 30 | മരാമത്ത് പ്രവൃത്തി - കരാറുകാർ ഇൻഷുറൻസ് എടുത്തില്ല - ഫൈൻ ഈടാക്കിയില്ല. | 1-21 |
| 31 | മെറിറ്റോറിയസ് സ്കോളർഷിപ്പ് - ഒരു ഗുണഭോക്താവിന് ഒരേ വർഷം ഒന്നിൽ കൂടുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ആനുകൂല്യം നൽകി. | 1-22 |
| 32 | ദേശീയ തൊഴിലുറപ്പ് പദ്ധതി - അവലോകനം | 1-23 |
| 33 | ദേശീയ പാതയ്ക്കായി ഗ്രാമപഞ്ചായത്തിന്റെ ആസ്തികൾ ഏറ്റെടുത്തതിന് നഷ്ടപരിഹാരം ലഭിച്ചില്ല – ഏറ്റെടുത്ത റോഡുകൾക്കുള്ള നഷ്ടപരിഹാരത്തിന് അപേക്ഷിച്ചതുമില്ല. | 1-24 |
| 34 | തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജ് രേഖകൾ കൃത്യമല്ല. | 1-25 |
| 35 | പോസ്റ്റ് ഷിഫ്റ്റിംഗ് - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 1-26 |
| 36 | കേരളോൽസവ ചെലവ് അഡ്വാൻസായി പിൻവലിച്ച തുകയിൽ ചെലവിന് ശേഷമുള്ള തുക തിരിച്ചടച്ചില്ല. | 1-27 |
| 37 | ഹാജരാകാത്ത ട്രെയിനിംഗിനായി ഡി.എ നൽകി. | 1-28 |
| 38 | യാത്രബത്ത - ആവശ്യമായ വിവരങ്ങൾ ചേർക്കാതെ ടൂർ ഡയറി തയ്യാറാക്കി തുക മാറി. | 1-29 |
| 39 | വാർഷികകണക്കുകളിൽ ഉൾപ്പെടാത്ത സെക്യൂരിറ്റി നിക്ഷേപങ്ങൾ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കുന്നു. | 1-30 |
| 40 | ഓഫീസ് വാഹനത്തിന് ഡീസൽ - ഉപയോഗിക്കാത്ത ഇന്ധനത്തിന് ചെലവ് ചെയ്തു. | 1-31 |
| 41 | പണി പൂർത്തിയാക്കിയ അങ്കണവാടി കെട്ടിടം നാളിതുവരെ ഉദ്ഘാടനം ചെയ്തില്ല. | 1-32 |
| 42 | മുറ്റത്തൊരു മീൻതോട്ടം പദ്ധതി - പദ്ധതി പൂർത്തീകരണ രേഖകൾ ഹാജരാക്കിയില്ല. | 1-33 |
| 43 | ഹരിതകർമ്മസേന - അവലോകനം | 1-34 |
| 44 | പുറമ്പോക്ക് രജിസ്റ്റർ കാലികമാക്കുന്നില്ല. | 1-35 |
| 45 | ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് പാലിയ്ക്കുന്നില്ല. | 1-36 |
| 46 | ഇ-ടെണ്ടർ വരവ് ഗ്രാമപഞ്ചായത്ത് ഫണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തില്ല. | 1-37 |
| 47 | തനത് വരുമാനം - അവലോകനം | 1-38 |
| ഭാഗം **2** | | |

| | | |
|---|---|---|
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | വനിതകൾക്ക് യോഗപരിശീലനം - മാർഗരേഖയിലില്ലാത്ത ചെലവ്. | 3-1 |
| 2 | വിട് മെയിന്റനൻസ് - വാലേഷനിലും അധികമായി തുക നൽകി. | 3-2 |
| 3 | മെറിറ്റോറിയസ് സ്കോളർഷിപ്പ് - ഒരു ഗുണഭോക്താവിന് ഒരേ വർഷം ഒന്നിൽ കൂടുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ആനുകൂല്യം നൽകി. | 3-3 |
| 4 | ഹാജരാകാത്ത ട്രെയിനിംഗിനായി ഡി.എ നൽകി. | 3-4 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധ പത്രികകൾ | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ഓഡിറ്റ് സാക്ഷ്യപത്രം

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4), കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3 എന്നിവയും സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും അനുവർത്തിക്കേണ്ട നിർദ്ദേശങ്ങളും അനുസരിച്ച് തയ്യാറാക്കിയ കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിന്റെ 31-03-2023 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റുമെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റുമെന്റ്, ബാലൻസ് ഷീറ്റ് എന്നിവ ഉൾപ്പെടുന്ന ധനകാര്യ പത്രികകളും, നിർദ്ദിഷ്ട അനുബന്ധ ഫോറങ്ങളും 04.07.2023 ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 2(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് 11.07.2023 ൽ ഓഡിറ്റിന് സമർപ്പിച്ചത് ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തത്തിൽ തയ്യാറാക്കിയ ഈ അക്കൗണ്ടുകളിന്മേൽ, ഫിനാൻഷ്യൽ ഓഡിറ്റ് നടത്തി അഭിപ്രായം രേഖപ്പെടുത്തുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനായി C&AG പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളും ഓഡിറ്റിംഗ് സ്റ്റാന്റേർഡുകളും അനുസരിച്ചാണ് ഞാൻ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളില്ലാത്തതാണ് എന്ന് ന്യായമായും ഉറപ്പ് വരുത്തുന്നതരത്തിൽ ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നിർവഹിക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകൾക്കും വെളിപ്പെടുത്തലുകൾക്കും അടിസ്ഥാനമായ തെളിവുകൾ പരിശോധിക്കുന്നതും, ഉപയോഗിച്ചിരിക്കുന്ന അക്കൗണ്ടിംഗ് തത്വങ്ങളുടെയും തയ്യാറാക്കിയിരിക്കുന്ന പ്രസക്തമായ എസ്റ്റിമേറ്റുകളുടെയും വിലയിരുത്തലും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണത്തിന്റെ വിലയിരുത്തലും ഓഡിറ്റിൽ നിർവഹിച്ചിട്ടുണ്ട്. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III. എനിക്ക് ആവശ്യമായതും ലഭ്യമായതുമായ വിവരങ്ങളെയും വിശദീകരണങ്ങളെയും അടിസ്ഥാനമാക്കിയും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി ലഭിച്ച പരമാവധി വിവരങ്ങളുടെ അടിസ്ഥാനത്തിലും, അവയിന്മേൽ നൽകപ്പെട്ട വിശദീകരണങ്ങൾ പരിഗണിച്ചും അനുബന്ധ റിപ്പോർട്ടിലെ നിരീക്ഷണങ്ങൾക്ക് വിധേയമായും ഞാൻ താഴെ പറയും പ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം

അനുബന്ധ റിപ്പോർട്ടിലെ വിശേഷണങ്ങളോട്കൂടിയ അഭിപ്രായത്തിന് ആധാരമായി വിവരിച്ചിരിക്കുന്ന കാര്യങ്ങളിൽ ഒഴികെ അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിന്റെ 2022-23 ലെ വാർഷിക ധനകാര്യ പത്രികകൾ സാമ്പത്തിക നിലയെക്കുറിച്ചും സാമ്പത്തിക ഫലത്തെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

### 1-1-1 ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

ഓപ്പറേറ്റിങ്, ഇൻവെസ്റ്റിങ്, ഫിനാൻസിങ് പ്രവൃത്തികളിൽ ജനറേറ്റ് ചെയ്ത ക്യാഷ് = 93,03,044/-രൂപ

മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം 40 (B) - 40 (A) = 2,08,76,628/-രൂപ

### 1-1-2 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ

ഉൾപ്പെട്ടില്ല.

റേഷ്യോസ്

1-1-3 വാർഷിക കണക്കുകളുടെ ഷെഡ്യൂളുകൾ സമർപ്പിച്ചിട്ടില്ല.

തൻവർഷത്തെ പ്രവർത്തനഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുത്തിയ B1 Schedule

1-1-4 രസീത് തെറ്റായ ശീർഷകത്തിൽ നൽകി.

മാർക്കറ്റ് റസീപ്റ്റ് ആയി വരവ് വന്ന തുകകൾ അഡ്വൻസ് കളക്ഷൻ മാർക്കറ്റ് റസീപ്റ്റ് ആയി ചേർത്തിട്ടില്ല. ഡെപ്പോസിറ്റ് എന്ന ഹെഡിലാണ് റസീപ്റ്റ് എടുത്തിരിക്കുന്നത്.

വാട്ടർ അതോറിറ്റിയിൽ നിന്ന് തിരികെ കിട്ടിയ തുക (31,89,239/-) അഡ്വാൻസ് ഹെഡിൽ കുറവു ചെയ്യാതെ വരവ് ഹെഡിൽ ചേർത്തിരിക്കുന്നു.

1-1-5 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.

വസ്തുനികുതി ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രി ഇല്ല.

1-1-6 രജിസ്റ്ററുകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല.

ലഭ്യമാക്കിയ രേഖകൾ പ്രകാരമുള്ള സ്ഥിര നിക്ഷേപവും (4,08,94,669/-) വാർഷിക കണക്കിലുൾപ്പെടുത്തിയ തുകയും (3,91,92,929/-) പൊരുത്തപ്പെടുന്നില്ല.

1-1-7 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല.

I-19 PRIOR PERIOD INCOME

1-1-8 ബാധ്യതകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയില്ല.

അസി എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളിൽ പാർട്ട് ബിൽ പ്രകാരം ചെലവഴിച്ച തുകകളുടെ വിശദാംശങ്ങൾ Capital Work In Progress B 11(a) യിൽ ഉൾപ്പെട്ടിട്ടില്ല.

ലൈഫ് മിഷൻ സംസ്ഥാന വിഹിതം 2020-21 ലെ നീക്കിയിരിപ്പ് 28,60,000/-രൂപയാണ്. സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം 2021-22 ലെ ചെലവ് 25,00,000/-രൂപയാണ്. തൻവർഷം വരവില്ല. ഈ സാഹചര്യത്തിൽ 2021-22 ലെ ബാലൻസ് ഷീറ്റിൽ 3,60,000/-രൂപ ഉൾപ്പെടേണ്ടതാണെങ്കിലും നീക്കിയിരിപ്പായി പ്രസ്തുത ഹെഡിൽ തുകകൾ ഉൾപ്പെട്ടിട്ടില്ല. ലൈഫ് മിഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം തൻ വർഷം 36,60,000/-രൂപ വരവ് ഉണ്ടെങ്കിലും ആയത് റസീപ്റ്റ് ആന്റ് പേയ്മെന്റിലും ചെലവു കഴിഞ്ഞുള്ള തുക ബാലൻസ് ഷീറ്റിലും ഉൾപ്പെട്ടിട്ടില്ല.

Hudco Loan Repayment 2020-21 ൽ ഒടുക്കുവാൻ അവശേഷിക്കുന്ന തുക 61,32,940/-രൂപയാണ്. തൻവർഷം ലോൺ വരവില്ല. ലോൺ തിരിച്ചടച്ച തുക 45,58,400/-രൂപയാണ്. ബാലൻസ് ഷീറ്റ് B-5 ഷെഡ്യൂളിൽ Secured Loan ൽ Outstanding Balance For Repayment ആയി വരേണ്ട തുക 5,68,04,540/-രൂപ ആണെന്നിരിക്കെ 2021-22 വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടുള്ള തുക 5,67,70,132/-രൂപയാണ്. 2022-23 വരവ് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നതിനാൽ ബാലൻസ് ഷീറ്റ് B-5 ഷെഡ്യൂളിൽ Secured Loan ൽ Outstanding Balance For Repayment ആയി കാണിച്ചിരിക്കുന്ന തുക കൃത്യമല്ല.

Other Schemes ആയി രേഖപ്പെടുത്തിയിരിക്കുന്ന 10,00,000/-രൂപയുടെ കൃത്യത പരിശോധിക്കാൻ ആവശ്യമായ രേഖകൾ ഹാജരാക്കിയില്ല.

ജില്ലാ പഞ്ചായത്ത് വിഹിതം ചെലവു തുക വാർഷികകണക്കുകളും ആകെ ചെലവു തുകയുമായി പൊരുത്തപ്പെടുന്നില്ല.

1-1-9 വാർഷിക കണക്കുകളിലെ തുകകളും അതാത് രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല.

കെട്ടിടനികുതി പിരിഞ്ഞുകിട്ടാൻ ബാക്കിയുള്ള തുക വാർഷികകണക്കുകളും സഞ്ചയയുമായി പൊരുത്തപ്പെടുന്നില്ല.

ലേലം ഡിമാന്റ്, കളക്ഷൻ എന്നിവ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

ലോൺ രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. RP - 32 Secured Loans ൽ ലോൺ വരവ് തുകയായി 1,91,40,000/-രൂപ ഉൾപ്പെട്ടിട്ടുണ്ട്. ലൈഫ് മിഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം 1,74,80,000/-രൂപ ആണ്.

1-2 ബജറ്റ്

23-03-22 ലെ 1(1) നമ്പർ തീരുമാനപ്രകാരം ബജറ്റ് അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 10-03-23 ലെ 5(1) നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു.

1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 5,46,41,161/-രൂപ |
| വരവ് | 13,12,15,706/-രൂപ |
| ആകെ | 18,58,56,867/-രൂപ |
| ചെലവ് | 11,03,39,078/-രൂപ |
| നീക്കിയിരിപ്പ് | 7,55,17,789/-രൂപ |
| വരവിനങ്ങളിലെ നഷ്ടം | - |
| ചെലവിനങ്ങളിലെ നഷ്ടം | 49,343/- |
| തടസ്സപ്പെടുത്തിയ തുക | 5,37,041/- |

വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നീ ഇനങ്ങളിലെ ട്രഷറി അക്കൗണ്ടിലെ വരവു ചെലവുകൾ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റിൽ ഇല്ലാത്തതിനാൽ സാമ്പത്തിക വിശകലനത്തിലും ഉൾപ്പെടുത്തിയിട്ടില്ല.

1-4 ഫണ്ട് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് (രൂപ) | വരവ് (രൂപ) | ആകെ (രൂപ) | ചെലവ് (രൂപ) | നീക്കിയിരിപ്പ്/ ലാപ്സായ തുക (രൂപ) |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 30782070/- | 30782070/- | 28464921/- | 2317149/- |
| വികസനഫണ്ട് (എസ്.സി.പി) | 0 | 19865000/- | 19865000/- | 16192670/- | 3672330/- |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) ട്രഷറി | 0 | 806066/- | 806066/- | 205484/- | 600582/- |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) ബാങ്ക് | 8402466 | 6288254/- | 14690720/- | 3822056/- | 10868664/- |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) ട്രഷറി | 0 | 4216667/- | 4216667/- | 0 | 4216667/- |

| | | | | | |
|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) ബാങ്ക് | 40960/- | 8844000/- | 8884960/- | 2983180/- | 5901780/- |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 0 | 17820000/- | 17820000/- | 5123584/- | 12696416/- |
| മെയിന്റനൻസ് ഫണ്ട്(നോൺ റോഡ്) | 0 | 10274000/- | 10274000/- | 7993296/- | 2280704/- |
| സംസ്ഥാനാവിഷ്കൃത ഗ്രാന്റ് | | | | | |
| | മുന്നിരിപ്പ് (രൂപ) | വരവ് (രൂപ) | ആകെ (രൂപ) | ചെലവ് (രൂപ) | നീക്കിയിരിപ്പ്/ ലാപ്പ്സായ തുക (രൂപ) |
| ലൈഫ് മിഷൻ – സംസ്ഥാനവിഹിതം | 360000/- | 3660000/- | 4020000/- | 2810000/- | 1210000/- (ബാലൻസ് ഷീറ്റിൽ നീക്കിയിരിപ്പായി പ്രസ്തുത തുക ഉൾപ്പെട്ടിട്ടില്ല) |
| ശുചിത്വമിഷൻ ഗ്രാന്റ് | 4339791/- | | 4339791/- | | 4339791/- |
| MNREGS ഭരണചെലവുകൾ | 1993/- | 1450770/- | 1452763/- | 1450654/- | 2109/- |
| കേന്ദ്രാവിഷ്കൃത ഗ്രാന്റ് | | | | | |
| ICDS | 984285/- | 2728238/- | 3712523/- | 1540188/- | 2172335/- |
| TSC | 1747724/- | 138278/- | 1886002/- | - | 1886002/- |
| PYCKA | 80319/- | | 80319/- | | 80319/- |
| ഹെൽത്ത് ഗ്രാന്റ് | | 161691/- | 161691/- | 47108/- | 114583/- |
| ഹെൽത്ത് ഗ്രാന്റ് | | 265646/- | 265646/- | 192764/- | 72882/- |
| ശുചിത്വമിഷൻ | | 230000/- | 230000/- | 230000/- | |
| അദർ ലയബിലിറ്റി | 272500/- | 935400/- | 1207900/- | - | 1207900/- |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (രൂപ) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (രൂപ) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 316 | 26,89,01,914/- | 177 | 11,07,93,954/- | - | 139 | 56% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരുപ്പ് (₹) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1,993/- | 14,50,770/- | 14,52,763/- | 14,50,654/- | 2,109/- |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 3,49,20,144/- | 3,49,20,144/- | 3,49,20,144/- | - |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ |
|---|---|
| തൊഴിൽരഹിത വേതനം | 54,600/- |
| കർഷകതൊഴിലാളി പെൻഷൻ | 22,34,600/- |
| വിധവാപെൻഷൻ | 2,66,07,800/- |
| വാർദ്ധക്യകാലപെൻഷൻ | 5,06,64,800/- |
| വികലാംഗപെൻഷൻ | 85,15,600/- |
| 50 വയസിന് മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 2,72,000/- |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 9,90,000/- |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.10.23, 2.30 PM ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 58,308/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. വരവുകൾ ഐ.എൽ.ജി.എം.എസ്. രസീതി നൽകി സ്വീകരിക്കുന്നു. സ്വീകരിക്കുന്ന തുകകൾ ശരിയായി അക്കൗണ്ട് ചെയ്യുന്നുണ്ട്. മാനവൽ രസീതി മുഖേന സ്വീകരിക്കുന്ന തുകകളുടെ ഒടുക്ക് പരിശോധിച്ച് ഉറപ്പാക്കുന്നതിന് മേൽനോട്ട ചുമതലയുള്ളവർ ശ്രദ്ധിക്കുന്നുണ്ട്. പേയ്മെന്റ് ഓർഡറുകൾ യഥാസമയം ചെയ്ത് ചെലവ് ആധികാരികമാക്കുകയും ഐ.എൽ.ജി.എം.എസ് വൗച്ചറുകൾ നമ്പർ ക്രമത്തിൽ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. കണക്കുകൾ ബന്ധപ്പെട്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പരിശോധിച്ച് അംഗീകരിക്കുന്നു. വാങ്ങലുകൾ പർച്ചേസിംഗ്/പ്രൊക്യൂർമെന്റ് കമ്മിറ്റികളുടെ ചുമതലയിൽ നിർവ്വഹിക്കുന്നുണ്ട്.

ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.

ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. റോഡ് കണക്ടിവിറ്റി മാപ്പ് പരിശോധിച്ച് അന്തിമമാക്കിയിട്ടില്ല.

ഈ റിപ്പോർട്ടിലെ പ്രധാന നിരീക്ഷണങ്ങൾ ചുവടെ രേഖപ്പെടുത്തുന്നു.

1. വീട് മെയിന്റനൻസ് – വാല്യുവേഷനില്ലം അധികരിച്ച് തുക നൽകി (ഖണ്ഡിക 1-16).
2. വനിതകൾക്ക് യോഗപരിശീലനം - മാർഗരേഖയിലില്ലാത്ത ചെലവ് നടത്തി (ഖണ്ഡിക 1-21).
3. മെറിറ്റോറിയസ് സ്കോളർഷിപ്പ് – ഒരു ഗുണഭോക്താവിന് ഒരേ വർഷം ഒന്നിൽ കൂടുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ആനുകൂല്യം നൽകി. (ഖണ്ഡിക 1-24).
4. ദേശീയ പാതയ്ക്കായി ഗ്രാമപഞ്ചായത്തിന്റെ ആസ്തികൾ ഏറ്റെടുത്തതിനുള്ള നഷ്ടപരിഹാരം ലഭിച്ചില്ല – ഏറ്റെടുത്ത റോഡുകൾക്കുള്ള നഷ്ടപരിഹാരത്തിന് അപേക്ഷിച്ചില്ല (ഖണ്ഡിക 1-26).
5. പങ്കെടുക്കാത്ത ട്രെയിനിംഗിൽ ഹാജരായതായി കാണിച്ച് ഡി.എ നൽകി. (ഖണ്ഡിക 1-30).
6. യാത്ര ബത്ത അനുവദിച്ചതിലെ അപാകതകൾ - (ഖണ്ഡികകൾ 1-31, 1-32).
7. പണി പൂർത്തിയാക്കിയ അങ്കണവാടി നാളിതുവരെ ഉദ്ഘാടനം നടത്തിയിട്ടില്ല (ഖണ്ഡിക 1-36).

പദ്ധതി നടത്തിപ്പിൽ വർക്കിംഗ് കമ്മിറ്റികൾ മോണിറ്ററിംഗ് നടത്തുന്നില്ല .

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകളുടെ സഹായത്തോടെ ആവിഷ്കരിച്ച്, ആസൂത്രണസമിതിയുടെ അംഗീകാരം നേടി ഏറ്റെടുക്കുന്ന പദ്ധതികൾ കൈമാറികിട്ടിയ വിവിധ സ്ഥാപനങ്ങളുടെ ഉദ്യോഗസ്ഥർ മുഖേനയാണ് നിർവ്വഹണം നടത്തുന്നത്. മേഖലാടിസ്ഥാനത്തിൽ അതാത്

മേഖലയിലെ വർക്കിംഗ് ഗ്രൂപ്പാണ് പദ്ധതി നിർവ്വഹണഘട്ടത്തിലെ മോണിറ്ററിംഗ് നടത്തേണ്ടത്. എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ പദ്ധതികളിലൊന്നും (മരാമത്ത് ഒഴികെ) വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് നടത്തിയതിന് രേഖയില്ല.

ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നല്ല രീതിയിൽ നിർവ്വഹിക്കുന്നതിനും കഴിയുന്ന തരത്തിൽ ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം പ്രാപ്തമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.01.23 | Oct/22 -Dec/22 | 25.01.23 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 31.03.2019 | 2018-19 | 08.08.2019 |

## 1-11 തൊഴിൽ നികുതി ഈടാക്കിയില്ല.

1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ പ്രകാരം ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം ഒരു പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

2022-23 ലെ തൊഴിൽനികുതി രജിസ്റ്റർ, സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ, തൻവർഷം ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കാത്ത സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) തൊഴിൽ നികുതി

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | ICD, കൊല്ലം | II |
| 2 | ബി.എസ്.എൻ.എൽ | I, II |
| 3 | മാക്സ് വാല്യൂ ക്രെഡിറ്റ് ഇൻവസ്റ്റ്മെന്റ്, പാരിപ്പള്ളി | I, II |
| 4 | ICICI ബാങ്ക്, പാരിപ്പള്ളി | I |
| 5 | ഹോട്ടൽ ലക്ഷ്മി, പാരിപ്പള്ളി | I |
| 6 | രാജ് റെസിഡെൻസി, കല്ലുവാതുക്കൽ | I |
| 7 | ലാവിയ ഇൻഫ്രാ ലിമിറ്റഡ് | I, II |

2) സ്ഥാപന തൊഴിൽ നികുതി

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | ബി.എസ്.എൻ.എൽ | I, II |
| 2 | കെ. പി. ബി ഫിനാൻസ് | I |

| | | |
|---|---|---|
| 3 | ഇൻഡസ് ഇൻഡ് ബാങ്ക് | I, II |
| 4 | ലാവിയ ഇൻഫ്രാ ലിമിറ്റഡ് | I, II |
| 5 | മാക്സ് വാല്യൂ ക്രെഡിറ്റ് ഇൻവസ്റ്റ്മെന്റ്, പാരിപ്പള്ളി | I, II |

2) UKF College Of Engineering And Technology, Parippally എന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ 2022-23 ഒന്നാം അർദ്ധ വർഷത്തെ തൊഴിൽ നികുതിയായ 86,380/-രൂപ 28.02.23-ൽ 1220107768 നമ്പർ രസീത് പ്രകാരം ആണ് ഒടുക്കിയത്. തൊഴിൽ നികുതിയുടെ പിഴപ്പലിശ ഈടാക്കിയില്ല. കേരളാ പഞ്ചായത്ത് രാജ് നിയമം – 1994 വകുപ്പ് 210, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങൾ ചട്ടം 24 എന്നിവ അടിസ്ഥാനമാക്കി കുടിശ്ശിക തുക ഈടാക്കേണ്ടതായിരുന്നു. അപ്രകാരം ഈടാക്കിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

3) പഞ്ചായത്ത് പരിധിയിൽ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന അഭിഭാഷകർ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, ഗ്രാമപഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എൻജിനീയർമാർ, സൂപ്പർവൈസർമാർ, ടാക്സി വാഹന ഉടമകൾ (രണ്ടിലധികം), ടൂറിസ്റ്റ് ബസ് ഉടമകൾ, റേഷൻ വ്യാപാരികൾ, ക്ഷീര സഹകരണ സംഘങ്ങളിലെ ജീവനക്കാർ എന്നിവരിൽ നിന്നും 2022-23 ലെ തൊഴിൽ നികുതിയും, കൂടാതെ റേഷൻ കടകൾ, ക്ഷീര സഹകരണ സംഘങ്ങൾ എന്നീ സ്ഥാപനങ്ങളിലെ സ്ഥാപന തൊഴിൽ നികുതിയും 2022-23 ൽ ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. ക്രമ നം.3 ൽ പരാമർശിച്ചിട്ടുള്ള വിഭാഗക്കാരുടെ ലിസ്റ്റ് പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. ആയത് കാലികമാക്കി സൂക്ഷിക്കാനും അതിനനുസൃതമായി തൊഴിൽ നികുതി ഈടാക്കാനും നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം: 7/30.10.23

1-12 ലേല തുക ഈടാക്കിയില്ല.

2022-23 ൽ ലേല രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് നടത്തിയ ലേലത്തിൽ പങ്കെടുത്ത് ലേലം പിടിച്ച വ്യക്തികൾ ലേലതുക കൃത്യമായി ഒടുക്കു വരുത്താതെ കുടിശ്ശിക വരുത്തിയിട്ടുള്ളതായി കാണുന്നു. 2022-23 ൽ ലഭിക്കാനുള്ള കുടിശ്ശികയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ലേല ഇനം | ലേലം പിടിച്ച വ്യക്തിയുടെ പേര് | ലേലത്തുക (രൂപ) | ഒടുക്കേണ്ടുന്ന ആകെ തുക (GST ഉൾപ്പെടെ) | നാളിതുവരെ ഒടുക്കിയ തുക (ഡെപ്പോസിറ്റ് ഉൾപ്പെടെ) | ഒടുക്കാൻ അവശേഷിക്കുന്ന തുക (രൂപ) | കരാർ വച്ച തീയതി |
|---|---|---|---|---|---|---|---|
| 1 | പാരിപ്പള്ളി പബ്ലിക്ക് മാർക്കറ്റിലെ തുറസ്സായ സ്ഥലത്തുള്ള യാദൃച്ഛിക കച്ചവടക്കാരിൽ നിന്നും ഫീസ് പിരിക്കുന്നതിനുള്ള അവകാശം | ശ്രീ. പ്രവീൺ, പുതുവൽ വിള, ഏഴിപ്പുറം | 3,17,500/- | 3,74,650/- | 15,0,000/- | 2,24,650/- | 01.04.2023 |
| 2 | പാരിപ്പള്ളി പബ്ലിക്ക് കംഫർട്ട് സ്റ്റേഷനിൽ നിന്നും നിശ്ചിത ഫീസ് | സിജു, സിന്ധു ഭവൻ, ജവഹർ ജംഗ്ഷൻ, പാരിപ്പള്ളി | 27,0,000/- | 3,18,600/- | 1,70,000/- | 1,48,600/- | 01.04.2023 |

| | | | | | | | |
|---|---|---|---|---|---|---|---|
| | പിരിക്കുന്നതിനുള്ള അവകാശം | | | | | | |
| 3 | പാരിപ്പള്ളി പബ്ലിക്ക് മാർക്കറ്റിൽ ചട്ടപ്രകാരം മാട്ടിറച്ചി വ്യാപാരം നടത്തുന്നതിനുള്ള അവകാശം | ഡി.പൊന്നപ്പൻ, സുജാസ്, കോട്ടപ്പുറം | 2,95,000/- | 3,48,100/- | 2,98,100/- | 50,000/- | 01.04.2023 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ലേലകുടിശ്ശിക വരുത്തിയിട്ടുള്ള മേൽ വ്യക്തികളിൽ നിന്നും കുടിശ്ശിക ഈടാക്കിയതിന്റെയും, ഡെപ്പോസിറ്റ് തുക ലേലത്തുകയിലേക്ക് അഡ്ജസ്റ്റ് ചെയ്തതിന്റെയും രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം – 9/30.10.2023

## 1-13 കെട്ടിട നികുതി നിർണയിച്ചതിൽ തറവിസ്തീർണം ഉൾപ്പെടുത്തിയില്ല.

2022-23 ൽ അസ്സസ് ചെയ്ത ശ്രീ. ഗോപകുമാർ,ബി/സന്ധ്യ.എസ്, ഗോപികാഗോകുലം, എന്ന വ്യക്തിയുടെ ഉടമസ്ഥതയിൽ ഉള്ള വാണിജ്യാവശ്യത്തിനുള്ള 13/1084 നമ്പർ കെട്ടിടത്തിന് കംപ്ലീഷൻ പ്ലാൻ പ്രകാരം ആകെ തറ വിസ്തീർണം 254.53 $M^2$ ഉണ്ട്. കംപ്ലീഷൻ പ്ലാൻ പരിശോധിച്ചതിൽ, താഴത്തെ നിലയിൽ 237.59 $M^2$, ഒന്നാം നിലയിൽ 16.94 $M^2$ എന്നിങ്ങനെയാണ് തറ വിസ്തീർണം തിട്ടപ്പെടുത്തിയിരിക്കുന്നത്. എന്നാൽ നിലവിൽ 237.59 $M^2$ തറവിസ്തീർണത്തിന് മാത്രമാണ് നികുതി നിർണയിച്ചിരിക്കുന്നത്. നികുതി നിർണ്ണയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഉടമസ്ഥന്റെ പേര് | കെട്ടിട നം. | തറ വിസ്തീർണം | അടിസ്ഥാന വസ്തുനികുതി നിരക്ക് | ഈടാക്കേണ്ട വസ്തു നികുതി (ഇളവ് വർദ്ധനവ് ഉൾപ്പെടെ) | ഈടാക്കിയ വസ്തു നികുതി (ഇളവ് വർദ്ധനവ് ഉൾപ്പെടെ) | വ്യത്യാസം |
|---|---|---|---|---|---|---|---|
| 1 | ശ്രീ.ഗോപകുമാർ, സന്ധ്യ | 13/1084 | 254.53 $M^2$ | 80/- | 22,398/- (10 % ഇളവ് + 20% വർദ്ധനവ്) | 20,908/- (10 % ഇളവ് + 20% വർദ്ധനവ്) | 1,490/- |

16.94 $M^2$ സ്റ്റെയർ റൂമിന് നികുതി നിർണയിച്ചിട്ടില്ല. ആയതിനാൽ 1,490/-രൂപ നികുതി ഇനത്തിൽ കുറവുണ്ടായിട്ടുണ്ട്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. 16.94 $M^2$ തറ വിസ്തീർണത്തിന് നികുതി നിർണയിച്ച് കുടിശ്ശിക ഉൾപ്പെടെ ഈടാക്കി രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം: 31/31.10.23

## 1-14 കമ്മ്യൂണിറ്റി ഹാൾ വാടക - മുഴുവൻ തുകയും ഈടാക്കിയില്ല.

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഉള്ള പാരിപ്പള്ളി കമ്മ്യൂണിറ്റി ഹാളിൽ 14/11/2022 മുതൽ 18/11/2022 വരെ സംസ്കാര എന്ന സംഘടനയുടെ നേതൃത്വത്തിൽ നാടകോൽസവം നടത്തിയതിന്റെ ഭാഗമായി രണ്ട് പേരെ കൊണ്ട് ക്ലീനിംഗ് നടത്തിയതിന് 3,000/-രൂപ (ചെക്ക് നമ്പർ – 213205/25.11.22) നല്കിയിട്ടുണ്ട്. ബുക്കിംഗ് രജിസ്റ്റർ പരിശോധിച്ചതിൽ 12.11.22 മുതൽ 18.11.22 വരെ ഹാൾ ബുക്ക്

ചെയ്തിട്ടുണ്ടെങ്കിലും, ആകെ 3 ദിവസത്തെ വാടക മാത്രമാണ് ഒടുക്കിയിരിക്കുന്നത്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി 12 മുതൽ 18 വരെ ഹാൾ ബുക്ക് ചെയ്തിരുന്നെങ്കിലും 12.11.22 മുതൽ 14.11.22 വരെ മാത്രമേ നാടകോൽസവം ഉള്ളൂ എന്നറിയിച്ചതിനെ തുടർന്ന് 3 ദിവസത്തെ വാടക മാത്രമാണ് അടവാക്കിയതെന്ന് മറുപടി ലഭ്യമാക്കി. എന്നാൽ ആയതിനെ സാധൂകരിക്കുന്ന അപേക്ഷ മറുപടിയോടൊപ്പം ഹാജരാക്കിയില്ല. 15.11.22 മുതൽ 18.11.22 വരെയുള്ള വാടക ഈടാക്കാതിരുന്നതിന് കാരണം വ്യക്തമാക്കുന്ന രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. 11/30.10.23.

1-15 വാടക കുടിശ്ശിക ഈടാക്കിയില്ല.

വാടക സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ 2022-23 ൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളിൽ കടമുറികൾ വാടകയ്ക്ക് എടുത്ത വ്യക്തികൾ തൻവർഷം വാടക കുടിശ്ശിക വരുത്തിയിട്ടുണ്ട് എന്ന് കാണുന്നു. കുടിശ്ശിക വിവരങ്ങൾ ചുവടെ ചേർക്കുന്നു. (ജി.എസ്.റ്റി ഒഴികെയുള്ള തുകയാണ് കുടിശ്ശിക നിർണ്ണയത്തിനായി പരിഗണിച്ചിട്ടുള്ളത്.)

1) കല്ലുവാതുക്കൽ ഷോപ്പിംഗ് കോംപ്ലക്സ്

| ക്രമ നം. | കടമുറി നം. | വാടകയ്ക്ക് എടുത്ത വ്യക്തിയുടെ പേര് | മാസ വാടക (രൂപ) | വാടക കുടിശ്ശിക (രൂപ) |
|---|---|---|---|---|
| 1. | A1 | ലീല, സിന്ധു ഭവൻ, താഴം, ചാത്തന്നൂർ | 2,533/- | 2533*12 = 30,396/- |
| 2. | A8 | സുനിൽ കുമാർ, പ്രഭാലയം, മൈലാക്കാട് | 3,500/- | 3500*12 = 42,000/- |

2) പാരിപ്പള്ളി പഴയ ഷോപ്പിംഗ് കോംപ്ലക്സ്

| ക്രമ നം. | കടമുറി നം. | വാടകയ്ക്ക് എടുത്ത വ്യക്തിയുടെ പേര് | മാസ വാടക (രൂപ) | വാടക കുടിശ്ശിക (രൂപ) |
|---|---|---|---|---|
| 1. | 865 A | അബ്ദുൾ ഫൈസി, ഫയാസ്, മുക്കട, പാരിപ്പള്ളി | 13,125/- | 13125*10= 1,31,250/- |
| 2. | 866 | പി. ജയദേവൻ, ജനി വിലാസം, കരിമ്പാലൂർ | 7,949/- | 7949*12 = 95,388/- |
| 3 | 869 | മുബിൻ, വലിയ തോട്ടത്തിൽ വീട്, മണ്ണയം | 9,900/- | 9900*2 = 19,800/- |

3) പാരിപ്പള്ളി പുതിയ ഷോപ്പിംഗ് കോംപ്ലക്സ്

| ക്രമ നം. | കടമുറി നം. | വാടകയ്ക്ക് എടുത്ത വ്യക്തിയുടെ പേര് | മാസ വാടക (രൂപ) | വാടക കുടിശ്ശിക(രൂപ) |
|---|---|---|---|---|
| 1. | C1 | ജയചന്ദ്രൻ, ജയമന്ദിരം, തെറ്റിക്കുഴി | 3,234/- | 3234*12 = 38,808/- |
| 2. | C2 | ബൈജു, പത്മാലയം, പുത്തൻകുളം | 1,491/- | 1491*12 = 17,892/- (2022-23) 1420*12 = 17,040/- (2021-22) |
| 3 | C10 | ബൈജു, പത്മാലയം, പുത്തൻകുളം | 1,494/- | 1494*12 = 17,928/- (2022-23) 1423*12 = 17,076/- (2021-22) |

| | | | | |
|---|---|---|---|---|
| 4 | C11 | ജോഷ്, ഹരി നിവാസ്, ഹരിഹരപുരം | 1,881/- | 1881*12= 22,572/-<br>(2022-23)<br>1791*12,= 21,492/- |

4) പാരിപ്പള്ളി പുതിയ ഷോപ്പിംഗ് കോംപ്ലക്സിലെ C2, C10, C11 കടമുറികൾ വാടകയ്ക്ക് എടുത്തവർ 2022-23 ലും, 2021-22 ലും വാടക കുടിശ്ശിക വരുത്തിയിട്ടുണ്ട്. മുൻ വർഷങ്ങളിലെ കുടിശ്ശിക വിവരങ്ങൾ ഹാജരാക്കിയിട്ടില്ല.

5) കല്ലുവാതുക്കൽ ഷോപ്പിംഗ് കോംപ്ലക്സ്സിലെ B2, B8, B9, A2 എന്നീ കടമുറികൾ തൻവർഷം ഒഴിഞ്ഞു കിടക്കുകയാണ്.

6) കല്ലുവാതുക്കൽ ഷോപ്പിംഗ് കോംപ്ലക്സ്സിലെ 859-ാം നമ്പർ കടമുറിയുടെ വാടക തൻവർഷം ലഭിച്ചിട്ടില്ല. കേസ് നിലനിൽക്കുന്നുവെന്നാണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നത്. വാടക കുടിശ്ശിക വരുത്തിയ കാലയളവ്, കുടിശ്ശിക തുകയുടെ, വിവരങ്ങൾ, ഈടാക്കാൻ സ്വീകരിച്ച നടപടികൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയും ലഭ്യമാക്കിയില്ല. വാടക കുടിശ്ശിക പലിശ സഹിതം ഈടാക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. C2, C10, C11, 859 കടമുറികളുടെ വാടക കുടിശ്ശിക കാലയളവ്, തുകയുടെ വിവരങ്ങൾ, തുക ഈടാക്കിയതിന്റെ രേഖകൾ എന്നിവ ഓഡിറ്റിൽ ഹാജരാക്കേണ്ടതും ഒഴിഞ്ഞു കിടക്കുന്ന കടമുറികൾ ലേലം ചെയ്ത് വാടകയ്ക്ക് നല്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം: 25/31.10.23

## 1-16 വിട് മെയിന്റനൻസ് - വാല്വേഷനിലും അധികമായി തുക നൽകി.

പ്രോജക്റ്റ് നം - 147

ഭവനപുനരുദ്ധാരണം എസ്.സി.പി

അടങ്കൽ - 46,00,000/-രൂപ

ചെലവ് – 46,00,000/-രൂപ

ബിൽ നം – 17/3,50,000/-, 17-1-23

ബിൽ നം - 37/3,50,000/-, 24-3-23

2022-23 ൽ വി.ഇ.ഒ നിർവഹണം നടത്തിയ പദ്ധതിയാണ് വീട് മെയിന്റനൻസ് (എസ്.സി.പി). പ്രോജക്റ്റ് പ്രകാരം ഗുണഭോക്താവുമായി എഗ്രിമെന്റിൽ ഏർപ്പെട്ടശേഷം 50% തുക മുൻകൂർ നൽകുന്നു. ആനുകൂല്യം 2 ലക്ഷം രൂപയിൽ താഴെയാണെങ്കിൽ ഓവർസിയർ, എഞ്ചിനീയറിംഗ് വിഭാഗം മൂല്യനിർണയം നടത്തി അവസാനഗഡു അനുവദിക്കാവുന്നതാണ്. പ്രസ്തുത പ്രോജക്റ്റിൽ മനോജ് സുജാത പോങ്ങറുവിള, ചരുവിള പുത്തൻവീട് എന്ന വ്യക്തിയുടെ അപേക്ഷയോടൊപ്പം സമർപ്പിച്ച വാല്വേഷൻ സർട്ടിഫിക്കറ്റിൽ 80,407/-രൂപയെന്നാണ് രേഖപ്പെടുത്തിയത്. എന്നാൽ 13-1-23 ലും 24-3-23 ലും 50,000/-രൂപ വീതം രണ്ടു ഗഡുക്കളായി 1,00,000/-രൂപ നൽകി.

വാല്വേഷനിലും അധികമായി 19,593/-രൂപ നൽകിയതിന്റെ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ഫയലിനോടൊപ്പം സമർപ്പിച്ചത് ആദ്യം എടുത്ത വാല്വേഷൻ ആണെന്നും രണ്ടാമത് എടുത്ത വാല്വേഷൻ ഓഫീസിലെ ഫയലിൽ ഇല്ലാത്തതിനാൽ കൈമോശം വന്നു എന്നും വാല്വേഷൻ ലഭ്യമാക്കുന്നതിന് എ.ഇ യുടെ ഓഫീസിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട് എന്നും പറയുന്നു. വാല്വേഷനിൽ നിന്നും അധികമായി നൽകിയ 19,593/-രൂപയുടെ ചെലവ് നിരാകരിക്കുന്നു. തുക നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്ന് ഈടാക്കി രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം - 3/28-10-2023

നിരാകരിച്ച തുക – 19,593/-രൂപ

## 1-17 ലൈഫ് - തുക കൈപ്പറ്റിയവർ ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല,

ലൈഫ് ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട് തുക കൈപ്പറ്റിയ ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തിയാക്കിയതായി കാണുന്നില്ല. ആദ്യ ഗഡു കൈപ്പറ്റിയ ശേഷം നിർമ്മണം ആരംഭിക്കാത്ത ഗുണഭോക്താക്കളും ഉണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് (ശ്രീ /ശ്രീമതി) | അനുവദിച്ച തുക ₹/ പ്രോജക്റ്റ് നം | ആദ്യഗഡു അനുവദിച്ച തീയതി/ചെക്ക് നം/ ബിൽ നം-തീയതി |
|---|---|---|---|
| 1 | ഗിരിജ റ്റി,<br>അഭിലാഷ് മന്ദിരം, പുലിക്കുഴി | 40,000/- | 27/3/23<br>ബിൽ നം – 38/27-3-23 |
| 2 | റിനുമോൻ,<br>ദീപുനിവാസ്, പാമ്പുറം | 315/<br>40,000/- | 10/3/23<br>ബിൽ നം – 36/26-3-23 |
| 3 | ഉഷ, നിശോന്തി പുത്തൻവീട് | 173/<br>40,000/- | 15/12/22<br>8/21-12-22 |
| 4 | തങ്കമ്മ, ചരുവിളപുത്തൻ വീട് | 173/<br>40,000/- | 15/3/23<br>ചെക്ക് നം-10238530/31-3-23 |
| 5 | മിനി, മിനിവിലാസം, മണ്ണയം | 173/<br>40,000/- | 15/3/23/<br>ചെക്ക് നം-10238530/31-3-23 |
| 6 | ശാന്തി, ശാന്തിനി ഭവൻ, പുലിക്കുഴി | 75/<br>40,000/-<br>1,00,000/- | 25/3/21<br>29/6/22<br>ചെക്ക് നം-10238502/27-6-22 |
| 7 | സുനിത, നെടുമ്പാക്കുന്നിൽ,<br>പുലിക്കുഴി | 75/<br>40,000/-<br>1,60,000/- | 25-3-21<br>ചെക്ക് നം-10238501/15-6-22 |
| 8 | മഞ്ചു റ്റി, മഞ്ചുവിലാസം,<br>കുഴിവേലിൽ<br>25/3/21 | 75/<br>40,000/-<br>1,60,000/-<br>1,00,000/- | 25-3-21<br>ബിൽ നം – 1/ 1,60,000/- 27.5.22<br>ചെക്ക് നം-10238513/22-12-22 |
| 9 | സിബി.എസ്,<br>ഗോപികാഭവൻ, ശ്രീരാമപുരം | 184/<br>40,000/- | 3/10/22 /7-7/10/22 |
| 10 | ജയശ്രീ.എസ്<br>ബിന്ദുഭവൻ, കല്ലുവാതുക്കൽ | 184/<br>40,000/- | 7/11/22/15-9/11/22 |
| 11 | സതി എസ്, R.K ഭവൻ, പാമ്പുറം | 184/<br>40,000/- | 7/11/22/15-9/11/22 |
| 12 | രാജം, മണികണ്ഠഭവനം, പാമ്പുറം | 184/<br>40,000/- | 7/11/22/16-9/11/22 |
| 13 | കമലമ്മ, മനുജ ഹൗസ്, കരിമ്പാലൂർ | 184/<br>40,000/- | 23/11/22/17-1/12/22 |
| 14 | സുജാത, ഇലഞ്ഞിക്കൽ വീട്,<br>കുളമട | 184/<br>40,000/- | 7/12/22/19-8-12-22 |
| 15 | ഗീത, ആലപ്പാട് മേലതിൽ വീട് | 184/ | 7/12/22/19-8-12-22 |

| | | | |
|---|---|---|---|
| | | 40,000/- | |
| 16 | ലക്ഷ്മിക്കുട്ടി, പുതിയപാലം, വൈശാഖ് ഭവൻ | 184/ 40,000/- | 20/1/23 /25-21/1/23 |
| 17 | ഷീലാകുമാരി, അശ്വതിഭവനം, കുളത്തൂർകോണം | 184/ 40,000/- | 20/1/23 /25-21/1/23 |
| 18 | അരുന്ധതി, ഇലച്ചിക്കോട്പുത്തൻവീട്, നടയ്ക്കൽ | 184/ 40,000/- | 3/2/23/27-6-2-23 |

മേൽ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ പണി പൂർത്തീകരിക്കുന്നതിന് ഗുണഭോക്താക്കൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും പൂർത്തീകരിക്കുന്ന മുറയ്ക്ക് മറുപടി ലഭ്യമാക്കുന്നതാണെന്നും അറിയിച്ചു. മേൽ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണ പുരോഗതി വിലയിരുത്തി പ്രോജക്റ്റ് ഫലപ്രാപ്തിയിലെത്തിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതും പൂർത്തീകരണവിവരം ലഭ്യമാക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം-4, 5, 13 /തീ. 28.10.23

## 1-18 കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ലഭ്യമായില്ല.

പ്രോജക്റ്റ് നം – 85

വികസനഫണ്ട് അടങ്കൽ - 1,34,000/-രൂപ

ചെലവ് - 1,08,132/-രൂപ

ബിൽ നം - 11 /28-3-23

മെഡിക്കൽ ഓഫീസർ ഹോമിയോ നിർവഹണം നടത്തിയ ഹോമിയോ ആശുപത്രിയ്ക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ എന്ന പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ കെൽട്രോണിന്റെ പ്രോഫൊർമ ഇൻവോയ്സ് നം-46267 തീയതി 20-2-23 പ്രകാരം 35,040/-രൂപയും, ഇൻവോയ്സ് നം 46268 തീയതി-20/2/23 പ്രകാരം 73,088/-രൂപയും കെൽട്രോണിന് നൽകിയിട്ടുണ്ട്. എന്നാൽ ഇതനുസരിച്ചുള്ള ഉപകരണങ്ങൾ ലഭ്യമായതിന്റെയും സ്റ്റോക്കിലെടുത്തതിന്റെയും വിവരങ്ങൾ ലഭ്യമായില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ഉപകരണങ്ങൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് രേഖകൾ ഹാജരാക്കാത്തതിനാൽ 1,08,128/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം – 14/തീ. 30/10/23

തടസ്സപ്പെടുത്തുന്ന തുക - 1,08,128/-രൂപ

## 1-19 വനിതകൾക്ക് യോഗപരിശീലനം - മാർഗരേഖയിലില്ലാത്ത ചെലവ്.

പ്രോജക്റ്റ് നം - 183

വികസനഫണ്ട് അടങ്കൽ – 1,00,000/-രൂപ

ചെലവ് – 32,250/-രൂപ

ബിൽ നം – 378/2.2.23 തുക – 8,250/-രൂ (ACR പ്രകാരം)

ബിൽ നം - 651/28.3.23 തുക – 24,000/-രൂ (ACR പ്രകാരം)

മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവഹണം നടത്തിയ പദ്ധതിയാണ് വനിതകൾക്ക് യോഗാപരിശീലനം. സർക്കാർ ഉത്തരവ് (കൈ)115/2022/ത.സ്വ.ഭ.വ തീയതി-28/5/22 പ്രകാരം വനിതകൾ, കുട്ടികൾ, വയോജനങ്ങൾ എന്നിവർക്ക് ആയുഷുമായി ചേർന്ന്, യോഗാപരിശീലനം നൽകാവുന്നതാണ്. ഒരാൾക്ക് ഒരു സെക്ഷന് 400/-രൂപ നിരക്കിൽ പരമാവധി 12,000/-രൂപയാണ് നൽകാവുന്നത്. എന്നാൽ മാർഗരേഖയ്ക്ക് വിരുദ്ധമായി ടി പ്രോജക്റ്റിൽ 15 Shirt & Lower തയ്ച്ചതിന്

ഒരെണ്ണത്തിന് 550/-രൂപ നിരക്കിൽ 8,250/-രൂപ 2-02-2023-ന് Creative Design, Parippally എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. (ഇൻവോയ്സ് നം-1878 തീയതി-1-2-2023). ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച 8,250/-രൂപയുടെ ചെലവ് നിരാകരിക്കുന്നു.

ഓഡിറ്റ് എൻക്വയറി നം – 15 തീ. 30-10-23

നിരാകരിക്കുന്ന തുക – 8,250/-രൂപ

മേൽ പറഞ്ഞ ചെലവ് കൂടാതെ 7 വനിതകൾക്ക് പരിശീലനം നൽകിയ ഇനത്തിൽ 24,000/-രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ ഫയലിനോടൊപ്പം പരിശീലകരുടെ യോഗ്യത തെളിയിക്കുന്ന രേഖകൾ, വേതനം, ജോലിചെയ്ത ദിവസങ്ങൾ, തെരഞ്ഞെടുത്ത രീതി എന്നിവ സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയില്ല. വിശദവിവരം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ഹാജരാക്കുന്നതുവരെ ഈയിനത്തിൽ ചെലവഴിച്ച 24,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നം – 22 തീ. 31-10-2023

തടസ്സപ്പെടുത്തുന്ന തുക - 24,000/-രൂപ

1-20 മരുന്നുകൾ ലഭ്യമായില്ല.

പ്രോജക്ട് നം – 20/ഹോമിയോ മരുന്നുവാങ്ങൽ

റോഡിതരം അടങ്കൽ - 6,00,000/-രൂപ

ചെലവ് – 6,00,000/-രൂപ

ബിൽ നം – 5 Dtd 26/10/22

മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവഹണം നടത്തിയ ഈ പദ്ധതിയിൽ മരുന്നുകൾ ലഭ്യമാക്കുന്നതിനായി 6,00,000/-രൂപ 25/10/22-ൽ ഹോംകോ മാനേജിംഗ് ഡയറക്ടർക്ക് നൽകി.(acct No-34306403911). Tax Invoice LF-598 20/7/23 പ്രകാരം 2,58,093/-രൂപയുടെ മരുന്നുകൾ ലഭ്യമായി. ബാക്കി മരുന്നുകൾ ലഭ്യമാകുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമായില്ല. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം ലഭ്യമാക്കുന്നതുവരെ 3,41,907/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നം – 22/31-10-2023

തടസ്സപ്പെടുത്തിയ തുക - 3,41,907/-രൂപ

1-21 മരാമത്ത് പ്രവൃത്തി - കരാറുകാർ ഇൻഷുറൻസ് എടുത്തില്ല - ഫൈൻ ഈടാക്കിയില്ല.

ഇ-ടെണ്ടറിനെ സംബന്ധിച്ച സർക്കാർ ഉത്തരവ് (ജി.ഒ.(പി.)നം.3/2017/പി.ഡബ്ല്യു.ഡി./09.08.2017) ലെ നിബന്ധനകളിൽ കരാറുകാരൻ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഇൻഷുറൻസ് പോളിസി എടുക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. കരാറുകാരന്റെ ലെറ്റർ ഓഫ് അക്സപ്റ്റൻസ് ലെ ആറാം നിബന്ധനയിൽ കരാർ തുകയുടെ .5% ശതമാനം വരുന്ന (ഏറ്റവും കുറഞ്ഞത് 2,00,000/-ലക്ഷം) തുകയുടെ ഇൻഷുറൻസ് എടുക്കാത്ത പക്ഷം കരാർ തുകയുടെ .2% തുക ഫൈൻ ആയി ബില്ലിൽ നിന്നും കിഴിച്ച് മാത്രമേ തുക അനുവദിയ്ക്കുകയുള്ളൂ. തൻ വർഷം നടപ്പാക്കിയ വിവിധ പ്രോജക്ടുകൾക്ക് കരാറുകാർ ഇൻഷുറൻസ് എടുത്തതായി രേഖയില്ല. വിശദവിവരം ചുവടെ രേഖപ്പെടുത്തുന്നു.

| ക്രമ നം. | പ്രോജക്ട് നം./പേര് | എഗ്രിമെന്റ് നം./തീയതി | കരാറുകാരന്റെ പേര് | കരാർ തുക (രൂപ ) | ബിൽ നം., തീയതി | ഈടാക്കേണ്ട ഫൈൻ തുക (കരാർ തുകയുടെ .2%) (രൂപ) |
|---|---|---|---|---|---|---|
| 1. | 27/23-ഇടക്കുന്ന് വാണിയംകുന്ന് റോഡ് | 03/എ.ഇ. /എൽ.എസ്.ജി.ഡി /കെ.വി.കെ.എൽ/23/ | ശ്രീ.അജേഷ് അജയ് | 4,16,462/- | പി./36/ 13.02.2023 | 833/- |

| | | | | | | |
|---|---|---|---|---|---|---|
| | വാർഡ് 22 | 20.8.2022 | | | | |
| 2. | 24/23-പൊതു കുടിവെള്ള സ്രോതസ്സുകളുടെ നവീകരണം | 6/എ.ഇ. /എൽ.എസ്.ജി.ഡി /കെ.വി.കെ.എൽ/23/ 21.10.2022 | ശ്രീ.അച്ചൻ കുഞ്ഞ് | 5,98,953/- | പി.51/ 29.03.23 | 1,198/- |
| 3. | 135/23- വരിഞ്ഞം ഏലാറോഡ് നവീകരണം | 13/എ.ഇ. /എൽ.എസ്.ജി.ഡി /കെ.വി.കെ.എൽ/23/ 17.02.2023 | ശ്രീ.അച്ചൻ കുഞ്ഞ് | 5,03,118/- | 5299042/ 29.03.23 | 1,006/- |
| 4. | 188/23- നീരോന്തി മാർജിൻ ഫ്രീ മാർക്കറ്റ് വാർഡ് 12 | 18/എ.ഇ. /എൽ.എസ്.ജി.ഡി /കെ.വി.കെ.എൽ/23/ 02.03.2023 | ശ്രീ.പി.അജയകുമാർ | 2,60,947/- | 24/27.03.23 | 522/- |
| 5. | 198/23- സന്തോഷ് ഭവൻ മുതൽ ചൈത്രം വീട്ടു പടിയ്ക്കൽ റോഡ് കോൺക്രീറ്റ് | 08/എ.ഇ. /എൽ.എസ്.ജി.ഡി /കെ.വി.കെ.എൽ/23/ 15.02.2023 | ശ്രീ.ജിജോ കെ അബ്രഹാം | 1,68,384/- | 5299217/ 28.03.23 | 337/- |
| 6. | 26/23-കുന്നിൽ റോഡ് നവീകരണം വാർഡ് 14 | 04/എ.ഇ. /എൽ.എസ്.ജി.ഡി /കെ.വി.കെ.എൽ/23/ 03.09.2022 | ശ്രീ.അജേഷ് അജയ് | 4,16,462/- | പി./28/ 03.02.2023 | 833/- |
| 7. | 137/23- ഇണ്ടിളയപ്പൻ റോഡ് കോൺക്രീറ്റ് | 10/എ.ഇ. /എൽ.എസ്.ജി.ഡി /കെ.വി.കെ.എൽ/23/ 17.02.2023 | ശ്രീ.കെ.മനോഹരൻ | 4,81,225/- | 5299041/ 29.03.23 | 963/- |
| 8. | 35/23-പുതിയ പാലം 67 അംഗൻവാടി റോഡ് | 1/എ.ഇ. /എൽ.എസ്.ജി.ഡി /കെ.വി.കെ.എൽ/23/ 20.08.2023 | ശ്രീ.വിജയകുമാർ പി. | 1,62,001/- | പി.24/ 05.01.2023 | 324/- |
| | | | | | ആകെ | 6,016/-രൂപ |

മേൽ കരാറുകാരിൽ നിന്നും ഫൈൻ ഈടാക്കാത്തതിന് വിശദീകരണം തേടി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചില്ല. ഫൈൻ ഈടാക്കി രേഖ ഹാജരാക്കേണ്ടതാണ്.
ഓഡിറ്റ് അന്വേഷണം നം. 6/28.10.2023.

1-22 മെറിറ്റോറിയസ് സ്കോളർഷിപ്പ് - ഒരു ഗുണഭോക്താവിന് ഒരേ വർഷം ഒന്നിൽ കൂടുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ആനുകൂല്യം നൽകി.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പദ്ധതി, നം | മെറിറ്റോറിയസ് സ്കോളർഷിപ്പ് ( 164/23) |
| അടങ്കൽ തുക | ₹ 4,80,000/- (വികസന ഫണ്ട്-എസ്.സി.പി)<br>₹ 5,00,000/- (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |

| | |
|---|---|
| ചെലവ് തുക | ₹ 48,0,000/- (വികസന ഫണ്ട്-എസ്.സി.പി)<br>₹ 4,90,000/- (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |

സബ്സിഡി മാർഗ്ഗരേഖ ഉത്തരവ് നം.സ.ഉ (കൈ) നം.115/2022/ത.സ്വ.ഭ.വ തീയതി.28.5.22, ഖ.7.2.5 പ്രകാരം മെറിറ്റോറിയസ് സ്കോളർഷിപ്പ് – ഒരാൾക്ക് ഒന്നിൽ കൂടുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ വകുപ്പിൽ നിന്നോ ധനസഹായത്തിന് അർഹതയില്ല. എന്നാൽ 2022-23 ൽ ഗ്രാമ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ഒരേ വ്യക്തിക്കുതന്നെ ആനുകൂല്യം നൽകിയതായി കണ്ടെത്തിയിട്ടുണ്ട്.

| ഗുണഭോക്താവിന്റെ പേര് വിവരം | അനുവദിച്ച സബ്സിഡി (രൂപ) | സബ്സിഡി അനുവദിച്ച തദ്ദേശ സ്ഥാപനം | ബിൽ ഐ.ഡി നം./ബിൽ നം/തീയതി |
|---|---|---|---|
| PRAVEENA P, KUNNUMPURATH VEEDU CHANNAMPOYKA KIZHAKANELA | 15000.00 | Ithikkara Block Panchayat | 22030463067700099351 |
| | 20000.00 | Kalluvathukkal Grama Panchayat | 2030452094401415737-20/90000, തീ. 23.03.23 |

വെബ് സാംഖ്യ പരിശോധിച്ചതിൽ സർക്കാർ മാർഗ്ഗനിർദ്ദേശത്തിന് വിരുദ്ധമായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ആനുകൂല്യം നൽകിയ ഗുണഭോക്താക്കൾക്ക് ഗ്രാമപഞ്ചായത്തിൽ നിന്നും വീണ്ടും ആനുകൂല്യം നൽകിയിരിക്കുന്നു. ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് പട്ടികജാതി വികസന ഓഫീസറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് ആനുകൂല്യം നൽകിയതെന്ന് അറിയിച്ചിട്ടുണ്ട്. മുകളിൽ പരാമർശിച്ച ഗുണഭോക്താവിന് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ആനുകൂല്യം ലഭ്യമായതിനുശേഷമാണ് പഞ്ചായത്തിൽ നിന്നും തുക അനുവദിച്ചത്. ആയതിനാൽ ഗുണഭോക്താവിൽ നിന്നും തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. ഗുണഭോക്താവ് തുക തിരിച്ചടയ്ക്കാത്തപക്ഷം ക്രമവിരുദ്ധമായ ചെലവിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനെ അന്വേഷണത്തിലൂടെ കണ്ടെത്തി തുക ഈടാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം - 16/30-10-2023
നിരാകരിച്ച തുക – 20,000/-രൂപ

1-23 ദേശീയ തൊഴിലുറപ്പ് പദ്ധതി - അവലോകനം

പദ്ധതിയിലൂടെ 2022-2023 ൽ 860 കുടുംബങ്ങൾക്കായി തൊഴിൽ നൽകി. ആകെ സൃഷ്ടിക്കപ്പെട്ട മനുഷ്യദിനങ്ങൾ 88,865 ആണ്. ഇതിൽ 100 ദിനങ്ങൾ പൂർത്തിയാക്കിയ 487 കുടുംബങ്ങൾ ഉൾപ്പെടുന്നു. ആകെ 3,48,96,000/-രൂപയുടെ ചെലവ്, ലൈഫ് ഭവന നിർമ്മാണം, തോട് നവീകരണം, മണ്ണ്-ജല സംരക്ഷണ പ്രവൃത്തികൾ എന്നിവയ്ക്കായാണ് മുഖ്യമായും തുക ചെലവഴിച്ചത്.

പദ്ധതിയുമായി ബന്ധപ്പെട്ട രേഖകളുടെ പരിശോധനയിൽ കാണപ്പെട്ട അപാകതകൾ ചുവടെ രേഖപ്പെടുത്തുന്നു.

1. തൊഴിലാളികൾ തൊഴിൽ ആവശ്യപ്പെട്ട് നൽകിയ അപേക്ഷകൾ ഹാജരാക്കിയിട്ടില്ല.

2. വസ്തുക്കളുടെ ആകെ വിസ്തൃതിയിൽ (കരം രസീത് പ്രകാരം) നിന്നും പ്രവൃത്തി നടത്തിയ വിസ്തൃതിയുടെ വിശദാംശങ്ങൾ സൂക്ഷിക്കുന്നില്ല.

3. നടത്തിയ പ്രവൃത്തികളുടെ വിവരം ഇനം തിരിച്ച് ഭ്രവുടമസ്ഥർ/ബന്ധപ്പെട്ട മേറ്റുമാർ സാക്ഷ്യപ്പെടുത്തുന്നില്ല.

4. പ്രവൃത്തികളുടെ അന്തിമ മൂല്യനിർണ്ണയത്തിന് അടിസ്ഥാനമാക്കിയ അളവുകൾ തെളിയിക്കുന്ന രേഖകൾ ഇല്ല.

5. സൈറ്റ് ഡയറിയിലെ രേഖപ്പെടുത്തൽ പൂർണ്ണമല്ലാത്തതിനാൽ, പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിന് കഴിയുന്നില്ല.
6. പ്രവൃത്തികളുടെ ഫോട്ടോകൾ കൃത്യമായി ഫയലിൽ ഉൾപ്പെടുത്തുന്നില്ല.
7. സിറ്റിസൺസ് ഇൻഫോർമേഷൻ ബോർഡുകൾ സ്ഥാപിക്കുന്നതിന് വെണ്ടറെ (തണൽ കൺസ്ട്രക്ഷൻ യൂണിറ്റ്) തെരഞ്ഞെടുത്ത് കരാറിൽ ഏർപ്പെട്ടിട്ടില്ല. ഫയലുകളിൽ ഡിസ്‌പ്ലെ ബോർഡുകൾക്ക് തുക അനുവദിച്ചതിന്റെ വൗച്ചർ/ബിൽ ഹാജരാക്കിയിട്ടില്ല.
8. ലൈഫ് ഭവന നിർമ്മാണത്തിന്റെ ഘട്ടങ്ങൾ സംബന്ധിച്ച സാക്ഷ്യപത്രം വി.ഇ.ഒ.മാരിൽ നിന്നും തൊഴിലുറപ്പ് വിഭാഗം ലഭ്യമാക്കി ഫയലിൽ ഉൾപ്പെടുത്തുന്നില്ല. അതിനാൽ മസ്റ്റർ റോളുകളുടെ കൃത്യത, സുതാര്യത എന്നിവ ഉറപ്പാക്കുന്നതിന് കഴിയുന്നില്ല. പ്രവൃത്തികൾക്ക് എം.ബുക്കുകൾ ഇല്ല.
9. ബ്ലാങ്ക് മസ്റ്റർ റോൾ ഫയലിൽ സൂക്ഷിക്കുന്നു - പ്രവൃത്തി - കിണർ നിർമ്മാണം ശാലിനി/ഐ.എഫ്.നം.780616 - മസ്റ്റർ റോൾ നം.1506 / തീയതി- 21.06.22 മുതൽ 24.06.22 വരെ
10. വൃക്ഷത്തൈ നടീൽ പ്രോജക്ടുകൾ - പ്രവൃത്തികൾ ഫലപ്രദമല്ല എന്ന് സോഷ്യൽ ഓഡിറ്റിൽ വിലയിരുത്തിയിട്ടുണ്ട്. ഇത്തരം പ്രവൃത്തികൾ നടപ്പാക്കുമ്പോൾ തുടർ പരിപാലന പ്രവർത്തനങ്ങൾ ഉറപ്പ് വരുത്തേണ്ടതാണ്.
11. ബ്ലോക്ക് പ്രോഗ്രാം ഓഫീസർ, ജില്ലാ പ്രോഗ്രാം കോ-ഓഡിനേറ്റർ എന്നിവരുടെ ചുമതലയിൽപെടുന്ന, പ്രവൃത്തികളുടെ പ്രാദേശിക പരിശോധനകൾ പരിമിതമാണ്.
12. വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമല്ല. വികസന സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ഇടപെടൽ പരിമിതമാണ്.

മേൽ അപാകതകൾക്ക് വിശദീകരണം തേടി നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ അപാകതകൾ തുടർന്ന് പരിഹരിക്കുന്നതാണെന്ന് അക്രഡിറ്റഡ് എൻജിനീയർ മറുപടി ലഭ്യമാക്കി.
അപാകതകൾ പരിഹരിക്കുന്നതിനും മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് മാത്രം പ്രവൃത്തികൾ നടപ്പിലാക്കുന്നതിനും ചുമതലപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം – 23/31.10.2023

## 1-24 ദേശീയ പാതയ്ക്കായി ഗ്രാമപഞ്ചായത്തിന്റെ ആസ്തികൾ ഏറ്റെടുത്തതിന് നഷ്ടപരിഹാരം ലഭിച്ചില്ല – ഏറ്റെടുത്ത റോഡുകൾക്കുള്ള നഷ്ടപരിഹാരത്തിന് അപേക്ഷിച്ചതുമില്ല.

ദേശീയ പാത 66 ന്റെ വികസനത്തിനായി ഏറ്റെടുത്ത ഗ്രാമപഞ്ചായത്തിന്റെ വസ്തുവകകളുടെ ലഭ്യമായ വിവരം ചുവടെ രേഖപ്പെടുത്തുന്നു.

| ക്രമ നം. | ആസ്തിയുടെ വിവരം/വിസ്തീർണം | ബ്ലോക്ക് സർവ്വേ നം.റീസർവ്വേ നം | സ്ഥലം ഏറ്റെടുത്തതിന്റെ റവന്യൂ ഫയൽ നം./അവാർഡ് നം. | നഷ്ടപരിഹാര തുക (രൂപ ) |
|---|---|---|---|---|
| 1. | സർക്കാർ എൽ.പി.എസ്. കെട്ടിടം-551 എം$^2$ | കല്ലുവാതുക്കൽ വില്ലേജ്-38/103/13 | എ1/2093/2022/27.12.2022 | 55,60,174/- |
| 2. | സർക്കാർ ആശുപത്രി സ്ഥലം – 530 എം$^2$ | പാരിപ്പള്ളി വില്ലേജ്-37/278/27 | എ1/2089/2022/09.08.2022 | 15,83,281/- |
| 3. | പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ-462 എം$^2$ | പാരിപ്പള്ളി വില്ലേജ്-37/278/23 | എ1/2458/2022/19.07.2023 | 28,71,511/- |
| 4. | പഞ്ചായത്ത് | കല്ലുവാതുക്കൽ | അവാർഡ് നം.225 | 26,58,659/- |

| | | | | |
|---|---|---|---|---|
| | ഓഫീസ്-90 എം$^2$ | വില്ലേജ്-38/135/1 | | |
| 5. | കല്ലുവാതുക്കൽ മാർക്കറ്റ്-61 എം$^2$ | കല്ലുവാതുക്കൽ വില്ലേജ്-38/105/5 | അവാർഡ് നം.232 | 14,33,704/- |
| 6. | പഞ്ചായത്ത് കിണർ | കല്ലുവാതുക്കൽ വില്ലേജ്-38/75/5 | ലഭ്യമല്ല | 1,35,924/- |
| 7. | പാരിപ്പള്ളി മാർക്കറ്റ് -27എം$^2$ | പാരിപ്പള്ളി വില്ലേജ്-37/278/31 | 412/എൽ.എ.സി.263/20/പി. | 8,91,200/- |
| 8. | പാരിപ്പള്ളി മാർക്കറ്റ്-230 എം$^2$ | പാരിപ്പള്ളി വില്ലേജ്-37/279/2 | 413/എൽ.എ.സി.266/20/പി. | 1,32,09,570/- |
| 9. | ഷോപ്പിംഗ് കോംപ്ലക്സ് മാർക്കറ്റ്-309 എം$^2$ | പാരിപ്പള്ളി വില്ലേജ്-37/278/25 | അവാർഡ് നം.415 -എൽ.എ.സി.260/20/പി. | 1,23,13,822/- |

മേൽ പ്രകാരം തുക അവാർഡ് ചെയ്തതായി അറിയിപ്പ് ലഭിച്ചെങ്കിലും അക്കൗണ്ടിൽ ഇതുവരെ ലഭ്യമായിട്ടില്ല. മേൽ ഉൾപ്പെടുത്തിയത് കൂടാതെ നിരവധി ഗ്രാമപഞ്ചായത്ത് റോഡുകളുടെ ഭാഗങ്ങളും ദേശീയ പാതയ്ക്കായി ഏറ്റെടുത്തിട്ടുണ്ട്.എന്നാൽ ഇവയ്ക്ക് നഷ്ടപരിഹാരം ലഭിക്കുന്നതിന് ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടില്ല.

പല ആസ്തികളും ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉണ്ടെങ്കിലും സർക്കാർ വക സ്ഥലം എന്നാണ് റവന്യൂ രേഖകളിൽ ഉള്ളത്. അതിനാൽ സ്ഥലം ഏറ്റെടുക്കുമ്പോൾ സ്ഥലത്തിന് നഷ്ടപരിഹാരം നൽകുന്നതിന് നിലവിൽ വ്യവസ്ഥയില്ല. എന്നാൽ ഗ്രാമപഞ്ചായത്ത് നടത്തിയ നിർമ്മിതികൾക്ക് നഷ്ടപരിഹാരം അനുവദനീയമാണ്.

പൊതുപണം ഉപയോഗിച്ചുള്ള നിർമ്മാണ പ്രവൃത്തികൾ നടപ്പാക്കുന്ന സ്ഥലത്തിന്റെ ഉടമസ്ഥാവകാശം, റവന്യൂ രേഖകളിൽ ഉൾപ്പെടുത്തുന്നതിൽ മുൻ കാലങ്ങളിൽ വരുത്തിയ വീഴ്ചകൾ മൂലം വൻ തുക ഗ്രാമപഞ്ചായത്തിന് നഷ്ടമായി എന്ന വസ്തുത ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധയിൽ കൊണ്ടുവരുന്നു.

ഗ്രാമപഞ്ചായത്ത് സ്ഥലം ഏറ്റെടുത്ത് നടത്തുന്ന നിർമ്മാണ പ്രവൃത്തികൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിനുമുമ്പ് അവയുടെ ഉടമസ്ഥാവകാശം റവന്യൂ രേഖകളിൽ മാറ്റിയിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്ത് ഗ്രാമപഞ്ചായത്ത് സെക്രട്ടറി, അസിസ്റ്റന്റ് എൻജിനീയർ, റിയൽ എസ്റ്റേറ്റ് ഓഫീസർ ആയ അസിസ്റ്റന്റ് സെക്രട്ടറി എന്നിവർ ഉറപ്പാക്കേണ്ടതാണ്.

ദേശീയപാതയ്ക്കായി ഏറ്റെടുത്ത വസ്തുക്കളുടെ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥാവകാശം/കൈവശ രേഖകൾ എന്നിവ റവന്യൂ അധികാരികൾക്ക് സമർപ്പിച്ച് നിയമപ്രകാരം ലഭിക്കാവുന്ന നഷ്ടപരിഹാരം ലഭ്യമാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുകയും ആയതിന്റെ രേഖകൾ ഹാജരാക്കേണ്ടതുമാണ്.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചില്ല.

ഓഡിറ്റ് എൻക്വയറി നം – 6/28.10.2023

## 1-25 തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജ് രേഖകൾ കൃത്യമല്ല.

ഗ്രാമപഞ്ചായത്തിലെ വിവിധ ഹൈമാസ്റ്റ്, മിനിമാസ്റ്റ് തെരുവുവിളക്കുകളുടെ കറണ്ട് ചാർജ്ജ്

ഒടുക്കിയപ്പോൾ ഹാജരാക്കിയ ഡിമാന്റ് നോട്ടീസ് പ്രകാരം മീറ്റർ റീഡിംഗിന് മാറ്റം വരുന്നില്ല. സാമ്പത്തിക വർഷം മുഴുവനും മീറ്റർ റീഡിംഗിന് മാറ്റം വരാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. ദേശിയപാതാ നവീകരണവുമായി ബന്ധപ്പെട്ട് ഡിസ്മാന്റിൽ ചെയ്ത തെരുവുവിളക്കുകളുടെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-26 പോസ്റ്റ് ഷിഫ്റ്റിംഗ് - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗിനായി തുക നൽകിയെങ്കിലും നാളിതുവരെ പണി പൂർത്തീകരിച്ചിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | 8/23 | 288/23 |
| പ്രോജക്ട് | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ രണ്ടാം ഘട്ടം |
| അടങ്കൽ | 2,00,000/- | 1,21,275/- |
| ഫണ്ടിനം | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ചെലവ് | 1,99,331/- | 36,484/- |
| ബിൽ നമ്പർ | XVFC/22-23/P-3/8-8-22 | 27/17-2-23 |
| വിനിയോഗിക്കാൻ ബാക്കിയുള്ള തുക | 49,830/- | 8,176/- |

വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി വിനിയോഗസാക്ഷ്യപത്രം ആവശ്യപ്പെട്ട് കത്ത് നൽകിയിട്ടുണ്ട് എന്നും ലഭ്യമാകുന്ന മുറയ്ക്ക് നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 58,006/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ - 10/30-10-23

തടസ്സപ്പെടുത്തിയ തുക - 58,006/-രൂപ

## 1-27 കേരളോൽസവ ചെലവ് അഡ്വാൻസായി പിൻവലിച്ച തുകയിൽ ചെലവിന് ശേഷമുള്ള തുക തിരിച്ചടച്ചില്ല.

കേരളോൽസവത്തിന്റെ ചെലവിനായി അഡ്വാൻസായി പിൻവലിച്ച തുകയിൽ ചെലവിനുശേഷമുള്ള തുക തിരിച്ചടയ്ക്കുകയോ ക്രമീകരിക്കുകയോ ചെയ്തിട്ടില്ല. ചെലവു വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| കേരളോൽസവം | 224377/15-11-22 | 1,00,000/- |
| | 213232/17-12-22 | 50,000/- |

ആയതിന്റെ വൗച്ചർ ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 18/31-10-23) മറുപടിയായി 1,47,081/-രൂപയുടെ വൗച്ചർ ആണ് ഹാജരാക്കിയത്. ബാക്കി 2,919/-രൂപ തിരിച്ചടച്ചതിന്റെ രേഖകളോ നാളിതുവരെ അഡ്വാൻസ് തുക ക്രമീകരിച്ചിട്ടില്ലാത്തതിനാൽ മൂന്നുമാസത്തിനകം ക്രമീകരിക്കാത്ത അഡ്വാൻസ് തുക പലിശ അടച്ചതിന്റെ രേഖകളോ ഹാജരാക്കിയിട്ടില്ല. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈയിനത്തിൽ അധികമായി പിൻവലിച്ച 2919/-രൂപ നാളിതുവരെയുള്ള പലിശ സഹിതം ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി ഒടുക്കു വരുത്തി വിവരം അറിയിക്കേണ്ടതാണ്. അഡ്വാൻസ് തുക ക്രമീകരിക്കാത്തതിന് വിശദീകരണവും ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ - 28/31-10-23

1-28 ഹാജരാകാത്ത ട്രെയിനിംഗിനായി ഡി.എ നൽകി.

ഡ്യൂട്ടി സർട്ടിഫിക്കറ്റ് പ്രകാരം ട്രെയിനിംഗിന് ഹാജരാകാത്ത ദിവസങ്ങളിൽ ഹാജരായതായി കാണിച്ച് റ്റി.എ (ഡി.എ) നൽകി. ഗ്രാമപഞ്ചായത്ത് മെമ്പറായ ശ്രീമതി. ബിന്ദു, കൊല്ലം പെരുമൺ എഞ്ചിനീയറിംഗ് കോളേജിൽ വച്ച് നടന്ന മെമ്പറുമാർക്കുള്ള കമ്പ്യൂട്ടർ പരിശീലനത്തിൽ പങ്കെടുത്തിരുന്നു. 2-11-22 മുതൽ 5-11-22 വരെയുള്ള ട്രെയിനിംഗിന്റെ ഡ്യൂട്ടി സർട്ടിഫിക്കറ്റ് പ്രകാരം ശ്രീമതി. ബിന്ദു, 3-11-22, 4-11-22, 5-11-22 തീയതികളിൽ ഹാജരായിരുന്നില്ല. എന്നാൽ ആ ദിവസങ്ങളിലേക്കും 213211/25-11-22 നമ്പർ ചെക്ക് പ്രകാരം ദിനബത്ത നൽകി. ഇപ്രകാരം 1,500/-രൂപ അധികം നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 1,500/-രൂപയുടെ ചെലവ് നിരാകരിക്കുന്നു. തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ - 19/31-10-23

നിരാകരിച്ച തുക - 1,500/-രൂപ

1-29 യാത്രബത്ത - ആവശ്യമായ വിവരങ്ങൾ ചേർക്കാതെ ടൂർ ഡയറി തയ്യാറാക്കി തുക മാറി.

യാത്രബത്ത നൽകിയ ഫയൽ പരിശോധിച്ചതിൽ യാത്ര പുറപ്പെട്ട സമയവും തിരിച്ചെത്തിയ സമയവും ചേർക്കാതെ ആണ് ടൂർ ഡയറി തയ്യാറാക്കിയത് എന്നും ആയത് അംഗീകരിച്ച് ബിൽ തുക മാറി നൽകി എന്നും കണ്ടെത്തി. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ചെക്ക് നമ്പർ | യാത്ര നടത്തിയ വ്യക്തി | കൈപ്പറ്റിയ തുക (രൂപ) |
|---|---|---|
| 225935/23-2-23 | ശ്രീമതി സുദീപ, പ്രസിഡന്റ് | 6,320/- |
| 213218/2-12-22 | ശ്രീമതി സുദീപ, പ്രസിഡന്റ് | 16,960/- |
| | ശ്രീമതി. പി. പ്രമീള, മെമ്പർ | 2,200/- |
| | ശ്രീ. അജയകുമാർ, മെമ്പർ | 5,000/- |
| | ശ്രീമതി സുഭദ്രാമ്മ, മെമ്പർ | 2250/- |
| | ശ്രീമതി ശാന്തിനി, മെമ്പർ | 3300/- |
| | ശ്രീമതി ബൈജു ലക്ഷ്മണൻ, മെമ്പർ | 2400/- |
| | ശ്രീ. ഹരീഷ്, മെമ്പർ | 1,000/- |

ആയതിനാൽ ഈയിനത്തിൽ നൽകിയ തുകയുടെ ആധികാരികത പരിശോധിക്കാൻ കഴിഞ്ഞില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയില്ല. കൃത്യമായ ടൂർ ഡയറി രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ 21/31-10-23

1-30 വാർഷികകണക്കുകളിൽ ഉൾപ്പെടാത്ത സെക്യൂരിറ്റി നിക്ഷേപങ്ങൾ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കുന്നു.

കണക്കിൽപെടാത്ത സെക്യൂരിറ്റി നിക്ഷേപങ്ങൾ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കുന്നു. മേക്കാ മൊബൈൽസ് എന്ന സ്ഥാപനത്തിന്റെ പേരിലുള്ളതും കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേർക്ക് പ്ലഡ്ജ് ആയിട്ടുള്ളതുമായ പെരിന്തൽമണ്ണ സൗത്ത് ഇന്ത്യൻ ബാങ്കിന്റെ താഴെ പറയുന്ന ഡെപ്പോസിറ്റ് രസീതുകൾ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കുന്നു.

| നമ്പർ | തുക (രൂപ) |
|---|---|
| 152329/100.1522/11-3-2015 | 17,500/- |

| | |
|---|---|
| 152330/100.1523/11-3-2015 | 15,750/- |

ആയവ നാളിതുവരെ മുതൽ കൂട്ടുകയോ തിരികെ നൽകുകയോ ചെയ്യാതിരുന്നതിന് കാരണം വിശദീകരിക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. തുടർനടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ - 29/31-10-23

1-31 ഓഫീസ് വാഹനത്തിന് ഡീസൽ - ഉപയോഗിക്കാത്ത ഇന്ധനത്തിന് ചെലവ് ചെയ്തു.

തദ്ദേശദിനാഘോഷത്തിന് പോയപ്പോൾ ഓഫീസ് വാഹനത്തിന് ഡീസൽ നിറച്ച വകയിൽ എന്ന രേഖപ്പെടുത്തി പ്രസീദം പെട്രോളിയം പ്രോഡക്ട് ചേന്ദമംഗലം എന്ന സ്ഥാപനത്തിന്റെ 19-2-23 ലെ 11323 നമ്പർ ഇൻവോയ്സ് പ്രകാരം 2,000/-രൂപ മാറി നൽകി. (ചെക്ക് നമ്പർ 225954/9-3-23) എന്നാൽ ലോഗ് ബുക്കിൽ രേഖപ്പെടുത്തലുകൾ ഇല്ല. ഡീസൽ ഉപഭോഗം സംബന്ധിച്ച മാസാന്ത്യ സംഗ്രഹത്തിലും ആയത് രേഖപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ലോഗ് ബുക്ക് നാളിതുവരെയുള്ള മാസങ്ങളിലെ സംഗ്രഹം എഴുതി കൃത്യമാക്കിയിട്ടുമുണ്ട്. ഈ സാഹചര്യത്തിൽ മേൽപ്രകാരമുള്ള ചെലവിന്റെ കൃത്യത ബോധ്യപ്പെടാത്തതിനാൽ 2,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നമ്പർ – 17/31-10-23

തടസ്സപ്പെടുത്തുന്ന തുക - 2,000/-രൂപ

1-32 പണി പൂർത്തിയാക്കിയ അങ്കണവാടി കെട്ടിടം നാളിതുവരെ ഉദ്ഘാടനം ചെയ്തില്ല.

ചിറക്കര വാർഡിലെ 101 നമ്പർ അങ്കണവാടിക്കായി സാമ്പത്തിക വർഷം താഴെ പറയുന്ന ചെലവുകൾ നടത്തിയിട്ടുണ്ട്.

| ഇനം | ചെക്ക് നമ്പർ | തുക (രൂപ) |
|---|---|---|
| സെപ്റ്റിക് ടാങ്ക് നിർമ്മാണം | 224375/5-11-22 | 9,750/- |
| വൈദ്യുതി കണക്ഷൻ | 224387/21-11-22 | 2,454/- |




എന്നാൽ ഇപ്പോഴും 101 നമ്പർ അങ്കണവാടി വാടക കെട്ടിടത്തിൽ ആണ് പ്രവർത്തിക്കുന്നത്. പുതിയ കെട്ടിടം ഏത് സാമ്പത്തിക വർഷം നിർമ്മിച്ചതാണെന്നും ആയത് ഉദ്ഘാടനം ചെയ്യാതിരുന്നതിന്റെ കാരണം എന്താണെന്നും ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. അങ്കണവാടി സ്വന്തം കെട്ടിടത്തിൽ പ്രവർത്തനം ആരംഭിക്കാനുള്ള തുടർനടപടികൾ സ്വീകരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ - 20/31-10-23

1-33 മുറ്റത്തൊരു മീൻതോട്ടം പദ്ധതി - പദ്ധതി പൂർത്തീകരണ രേഖകൾ ഹാജരാക്കിയില്ല.

പ്രോജക്ട് – മുറ്റത്തൊരു മീൻതോട്ടം(166/23)

അടങ്കൽ തുക – 1,60,000/-രൂപ (വികസന ഫണ്ട് ജനറൽ- 85,000/-, ഗുണഭോക്തൃ വിഹിതം- 75,000/-)
ചെലവ് തുക – 19,000/-രൂപ (ബിൽ നം: 1) 15,400/- 2/17.3.23,
2) 3600/- 3/28.03.23)
നിർവഹണോദ്യോഗസ്ഥൻ – ഫിഷറീസ് ഓഫീസർ
20,000/-രൂപ യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചിട്ടുള്ള മുറ്റത്തൊരു മീൻതോട്ടം എന്ന പദ്ധതിയിൽ മത്സ്യക്കുഞ്ഞുങ്ങളെ വളർത്താൻ കുളം കുഴിക്കലിന് വേണ്ടി ചെലവാകുന്ന തുകയുടെ 75% സബ്സിഡി ആയി നൽകുന്നു. ഇതനുസരിച്ച് 3,000/-രൂപ (ബിൽ നം: 15,400/- 2/17.3.23) ശ്രീമതി പ്രിയാ. പി.ബി, മാടൻപ്പൊയ്ക എന്ന ഗുണഭോക്താവിന് അനുവദിച്ചിട്ടുണ്ട്. കുളം കുഴിക്കൽ, അനുബന്ധ സാമഗ്രികൾ വാങ്ങൽ എന്നിവയ്ക്കായാണ് സബ്സിഡി നല്കുന്നത്. എന്നാൽ നാളിതുവരെ കുളത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് മത്സ്യക്കുഞ്ഞുങ്ങളെ വളർത്തി തുടങ്ങിയിട്ടില്ല. നിർമ്മാണം പൂർത്തീകരിച്ച് ബില്ലുകൾ എല്ലാം സമർപ്പിച്ചിട്ടുണ്ടെന്നാണ് ഓഡിറ്റ് അന്വേഷണത്തിന് നിർവഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയത്. എന്നാൽ മറുപടിയോടൊപ്പം ബില്ലുകൾ ഒന്നുംതന്നെ ഹാജരാക്കിയിട്ടില്ല. നിർമ്മാണം പൂർത്തീകരിച്ച രേഖകൾ ഹാജരാക്കാത്തതിനാൽ ഈ ഇനത്തിൽ ചെലവഴിച്ച 3,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. 8/30.10.23
തടസ്സപ്പെടുത്തിയ തുക - 3,000/- രൂപ

## 1-34 ഹരിതകർമ്മസേന - അവലോകനം

ഗ്രാമപഞ്ചായത്തിൽ 23 വാർഡുകളിലായി 13693 കുടുംബങ്ങളും 1447 സ്ഥാപനങ്ങളുമാണുള്ളത്. 23 വാർഡുകളിലായി 39 അംഗങ്ങൾ ഉൾപ്പെടുന്ന ഹരിതകർമ്മസേന, വാർഡുകളിലെ എല്ലാ ഭവനങ്ങളിൽ നിന്നും അജൈവ മാലിന്യം ശേഖരിക്കുന്നു. വാർഡുകളിലെ എല്ലാ ഭവനങ്ങളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും കൃത്യമായ ഇടവേളകളിൽ ശേഖരിക്കുന്ന മാലിന്യം തരംതിരിച്ച് ക്രമീകരിക്കുകയും ക്ലീൻ കേരളയ്ക്ക് നൽകുകയും ചെയ്യുന്നു. ക്ലീൻ കേരളയ്ക്ക് പുറമെ എക്കോവൈ എന്ന സ്ഥാപനവും മാലിന്യ നിർമ്മാർജനത്തിൽ ഉൾപ്പെട്ടിരുന്നെങ്കിലും നിലവിൽ ക്ലീൻ കേരള കമ്പിനിയ്ക്ക് മാത്രമാണ് മാലിന്യം നൽകുന്നത്.
യൂസർഫീ ഇനത്തിലും അജൈവ മാലിന്യങ്ങൾ തരംതിരിച്ച് കൈമാറുന്നതിലൂടെയും ലഭ്യമാകുന്ന തുക നിക്ഷേപിക്കുന്നതിന് കൺസോഷ്യം അക്കൗണ്ട് നം-12590100222310 Federal Bank ൽ നിലവിലുണ്ട്.'
ബെയിലിംഗ് മെഷീൻ ടെണ്ടർ നടപടികൾ പൂർത്തിയായില്ല. ഷ്രഡിംഗ് മെഷീൻ പ്രവർത്തനക്ഷമമല്ല.
പ്രതിമാസം ഹരിത കർമ്മസേനാംഗങ്ങൾക്ക് 8,000/-രൂപ ശരാശരി വേതനം ഇനത്തിൽ ലഭിക്കുന്നു. VGF പ്രാരംഭഘട്ടത്തിൽ മാത്രമാണ് ഉപയോഗിച്ചത്. യൂസർഫീ കളക്ഷൻ 100% ആക്കുന്നതിന് വേണ്ടി ജനങ്ങളിൽ ബോധവത്ക്കരണം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.
സ്മാർട്ട് ഗാർബേജ് ആപ്പ് നടപ്പിലാക്കിയതിന്റെ ഭാഗമായി എല്ലാ ഭവനങ്ങളിലും യൂസർഫീ കളക്ട് ചെയ്യുന്നതിനായി ക്യൂ.ആർ കോഡ് പതിച്ചിട്ടുണ്ട്.
വ്യാപാര വ്യവസായ ഏകോപന സമിതി മീറ്റിംഗുകൾ നടത്തി. ജില്ലാതല സ്ക്വാഡിന്റെയും പഞ്ചായത്ത് സക്വാഡിന്റെയും പരിശോധന ശക്തമാക്കി. മാലിന്യ നിക്ഷേപകർക്ക് പിഴ ചുമത്തുകയും ഗ്രീൻകാർഡ് സേവനങ്ങൾക്ക് നിർബന്ധമാക്കുകയും ചെയ്തു.

പഞ്ചായത്തിന്റെയും ഹരിതകർമ്മസേനാംഗങ്ങളുടെയും ആഭിമുഖ്യത്തിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളെയും പ്രാധാന്യത്തേയും കുറിച്ച് പൊതുജനങ്ങളെ ബോധവാന്മാരാക്കുന്നതിന് സാധ്യമായിട്ടുണ്ട്. മൈക്ക് അനൗൺസ്മെന്റും വാർഡ് തലത്തിൽ നോട്ടീസ് മുഖേന ബോധവൽക്കരണവും നടത്തിയിട്ടുണ്ട്.

വാഹനം, ഡ്രൈവർ, ട്രോളി, സുരക്ഷാ ഉപകരണങ്ങൾ, ഓഫീസ് സംവിധാനം, യൂണിഫോം, ഐ.ഡി., മെഡിക്കൽ ഇൻഷുറൻസ്, ഹരിതമിത്രം ആപ്പ്, രസീത് ബുക്കുകൾ, ഗ്രീൻ കാർഡ് എന്നിവ നൽകിയിട്ടുണ്ട്.

ഹരിതകർമ്മസേന വരവ് – ചെലവ് റിപ്പോർട്ട് : 2022-23

| ആകെ വരവ് (രൂപ) | ക്ലീൻ കേരള കമ്പിനിയിൽ നിന്നുള്ള വരവ് (രൂപ) | ഹരിതകർമ്മസേനാംഗങ്ങൾക്ക് നൽകിയ വേതനം (രൂപ) |
|---|---|---|
| 28,99,100/- | 29,222/- | 25,60,032/- |

നിർദ്ദേശങ്ങൾ

1. ഹരിതകർമ്മസേനയ്ക്ക് യൂസർഫീ നൽകി അജൈവ മാലിന്യങ്ങൾ കൈമാറാതെ നിസ്സഹകരിക്കുന്ന വീടുകൾക്കും സ്ഥാപനങ്ങൾക്കും നോട്ടീസ് നൽകി പിഴ ഉൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിക്കാവുന്നതാണ്.

2. ബെയിലിംഗ് മെഷീൻ ടെൻഡർ നടപടികൾ പൂർത്തിയാക്കി പ്രവർത്തനം തുടങ്ങുന്നതിനും ഷ്രഡിംഗ് മെഷീൻ പ്രവർത്തനക്ഷമമാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-35 പുറമ്പോക്ക് രജിസ്റ്റർ കാലികമാക്കുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ അതിർത്തിക്കുള്ളിൽ സ്ഥിതി ചെയ്യുന്ന പുറമ്പോക്ക് വസ്തുക്കളുടെ വിശദാംശങ്ങൾ ഉൾപ്പെടുന്ന പുറമ്പോക്ക് രജിസ്റ്റർ സൂക്ഷിച്ചു വരുന്നുണ്ട്. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 169(5), 218 എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തിന് കൈമാറുകയോ, നിക്ഷിപ്തമാക്കുകയോ ചെയ്തിട്ടുള്ള പുറമ്പോക്കു വസ്തുക്കളുടെ അവകാശവും സംരക്ഷണവും ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്. ഇവ പൊതുജനങ്ങൾക്ക് പ്രയോജനപ്പെടുന്ന വിധത്തിൽ ഉപയോഗിക്കുന്നതിനും കൈയേറ്റക്കാരിൽ നിന്നും സംരക്ഷിക്കുന്നതിനും ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതായുണ്ട്.
കൃത്യമായ രേഖകളുടെ അടിസ്ഥാനത്തിലല്ലാതെ ഗ്രാമപഞ്ചായത്ത് നടത്തുന്ന സ്ഥലങ്ങളുടെ കൈമാറ്റം, നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവ നിയമ പ്രശ്നങ്ങൾക്കും കോടതി വ്യവഹാരങ്ങൾക്കും ഇടവരുത്തുവാൻ സാധ്യതയുള്ളതിനാൽ പുറമ്പോക്ക് സംബന്ധിച്ച വിവരങ്ങൾ വില്ലേജ് അധികാരികളിൽ നിന്നും ലഭ്യമാക്കി കാലികമാക്കി സൂക്ഷിക്കേണ്ടത് അനിവാര്യമാണ്.
ഗ്രാമപഞ്ചായത്തുകളുടെ അധീനതയിലും നിയന്ത്രണത്തിലുമുള്ള പുറമ്പോക്ക് സ്ഥലങ്ങളുടെ സംരക്ഷണം, നിബന്ധനകൾ എന്നിവ സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറുടെ 16.05.2018 ലെ സി2/15471/2018 നം. സർക്കുലറിലെ നിർദ്ദേശങ്ങൾ കർശ്ശനമായി പാലിയ്ക്കേണ്ടതാണ്.

1-36 ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് പാലിയ്ക്കുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ ആസ്തികളുടെ പരിപാലനത്തിനും സംരക്ഷണത്തിനും ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത് ആസ്തി രജിസ്റ്ററിലെ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ്. ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായത്തിന്റെ കൃത്യതയ്ക്ക് ആസ്തികളുടെ പൂർണ്ണമായ വിവരം ആവശ്യമാണ്. ആസ്തികളുടെ സംരക്ഷണത്തിന് ഫണ്ട് അനുവദിക്കുന്നതും ആസ്തി രജിസ്റ്ററിലെ വിവരങ്ങളെ ആധാരമാക്കി നിശ്ചയിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്. ഈ കാരണങ്ങളാൽ ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ കുറ്റമറ്റതും പൂർണ്ണവുമാക്കി കാലകാലങ്ങളിലെ മാറ്റങ്ങളും കൂടി ഉൾപ്പെടുത്തി സൂക്ഷിക്കേണ്ടതായുണ്ട്. പൂർണ്ണമാക്കിയ രജിസ്റ്ററിന്റെ ഒരു പ്രിന്റ് സെക്രട്ടറിയും എൻജിനീയറും സാക്ഷ്യപ്പെടുത്തേണ്ടതാണ്.
ആസ്തി രജിസ്റ്ററിൽ മാറ്റങ്ങൾ/കൂട്ടിചേർക്കലുകൾ വരുത്തി കുറ്റമറ്റതാക്കി പരിഷ്കരിക്കേണ്ട ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിക്ഷിപ്തമാണ്. ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻ വർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് ഭരണസമിതിയ്ക്ക് സമർപ്പിക്കുകയും, അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്.
മേൽ നിർദ്ദേശങ്ങൾ സർക്കാർ സർക്കുലറിൽ (തദ്ദേശ സ്വയംഭരണ (ഡി.ബി.) വകുപ്പ് - 13.01.2010 ലെ 58608/ഡി.ബി2/09 ) നിഷ്കർഷിച്ചിട്ടുള്ളതാണ്.
ഗ്രാമപഞ്ചായത്തിൽ ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കിയും, കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തിയും സെക്രട്ടറിയും എൽ.എസ്.ജി.ഡി എൻജിനീയറും സാക്ഷ്യപ്പെടുത്തുന്നില്ല.

റോഡ് കണക്ടിവിറ്റി മാപ്പിലെ വിവരങ്ങളും അന്തിമമാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ ജനറൽ കമ്മിറ്റി മിനിട്ട്സ് പരിശോധിച്ചതിൽ താഴെ രേഖപ്പെടുത്തിയ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്-

05.07.2022/അജണ്ട 24/തീരുമാനം - 1

"കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിൽ വട്ടക്കുഴിക്കൽ വാർഡിൽ പ്രകാശ് ഓഡിറ്റോറിയത്തിന് എതിർവശത്ത് പഞ്ചായത്ത് റോഡ് നിർമ്മിക്കുന്നതിന് സ്ഥലം വിട്ട് നൽകുന്നതിന് എല്ലാ പ്രദേശവാസികളും ഒപ്പിട്ട നിവേദനം കമ്മിറ്റി തീരുമാനത്തിന് വേണ്ടി നൽകിയത് കമ്മിറ്റി ചർച്ച ചെയ്യുകയും ടി സ്ഥലം കെ പി ആർ 178 പ്രകാരം പഞ്ചായത്തിൽ നിക്ഷിപ്തമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചു ."

റവന്യൂ നടപടികൾ പൂർത്തീകരിച്ചതിന് ശേഷം മാത്രമേ മേൽ റോഡ് ആസ്തി രജിസ്റ്ററിൽ ചേർക്കാൻ പാടുള്ളൂ. ആസ്തി രജിസ്റ്റർ പരിശോധിച്ച് ഉറപ്പാക്കാതെ നടത്തുന്ന പ്രവൃത്തികൾ നിയമ നടപടികളിലേയ്ക്ക് പോകുന്ന സാഹചര്യമുണ്ട്. അതിനാൽ ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി പരിപാലിയ്ക്കുന്നതിന് ചുമതലപ്പെട്ടവർ അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതും കാലികമാക്കിയ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-37 ഇ-ടെണ്ടർ വരവ് ഗ്രാമപഞ്ചായത്ത് ഫണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തില്ല.

2015-2016 മുതൽ 2020-2021 വരെയുള്ള വർഷങ്ങളിലെ ടെണ്ടർ ഫീസ് ഇനത്തിലെ വരവായ 6,44,396/-രൂപ (ഓഡിറ്റ് റിപ്പോർട്ട് 2020-2021 കാണുക) ജില്ലാ പഞ്ചായത്തിലെ എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലാണ് ക്രഡിറ്റ് ചെയ്തിട്ടുള്ളത്. ആയത് നാളിതുവരെ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ വരവ് വന്നിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ മേൽ തുക ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് രേഖ ഹാജരാക്കേണ്ടതാണ്.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചില്ല.

ഓഡിറ്റ് എൻക്വയറി നം – 12/30.10.2023

## 1-38 തനത് വരുമാനം - അവലോകനം

### 1) വസ്തുനികുതി പരിഷ്കരണം

ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 22.03.2023-ലെ സ.ഉ.(കൈ)നം. 77/2023/തസ്വഭവ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി പുതുക്കി നിശ്ചയിക്കൽ

2022-23 വരെ വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളുടെയും വാർഷിക വസ്തുനികുതി 2023-24 മുതൽ അടുത്ത അഞ്ച് വർഷത്തേയ്ക്ക് നിലവിലുള്ള നിരക്കിന്റെ അഞ്ച് ശതമാനം വീതം വർദ്ധനവ് വരുത്തി.

2. കെട്ടിടങ്ങളുടെ ശരിയായ വിവരങ്ങൾ സോഫ്റ്റ് വെയറിൽ ചേർക്കൽ

വസ്തുനികുതി നിർണ്ണയത്തിന് ശേഷം തറ വിസ്തീർണ്ണത്തിലും ഉപയോഗക്രമത്തിലും മാറ്റം വരുത്തുക, സോഫ്റ്റ് വെയറിൽ കൃത്യമല്ലാത്ത വിവരങ്ങൾ ചേർക്കുക എന്നിവ മൂലമുള്ള നികുതി നഷ്ടം ഒഴിവാക്കാൻ കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ് വെയറിൽ ചേർത്ത്, ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ പ്രാബല്യത്തിൽ നികുതി പുനർനിർണ്ണയിക്കേണ്ടതായുണ്ട്. ആയതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

3. 2023-24 മുതൽ വസ്തുനികുതി നിരക്കുകളും മേഖലകളും റോഡുകളുടെ തരംതിരിവും പുതുക്കൽ

2023-24 മുതൽ പുതുതായി വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് ബാധകമാക്കേണ്ട നിരക്കുകളും മേഖലകളുടെ തരംതിരിക്കലും വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിക്കലുകളും വ്യവസ്ഥകൾ പ്രകാരം ഗ്രാമപഞ്ചായത്ത് പുതുക്കി നിശ്ചയിക്കുന്നതിനായി 05.04.2023-

ലെ സ.ഉ.(അച്ചടി) നം.25/2023/ത.സ്വ.ഭ.വ (എസ്.ആർ.ഒ. നം.479/2023 തീയതി: 10.04.2023) പ്രകാരം അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ കുറഞ്ഞതും കൂടിയതുമായ പരിധികൾ നിശ്ചയിച്ചുകൊണ്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ പരിധിയ്ക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് വിവിധയിനം കെട്ടിടങ്ങളുടെയും അവയുടെ ഉപവിഭാഗങ്ങളുടെയും അടിസ്ഥാന വസ്തുനികുതി നിരക്കുകൾ 15.05.23 ലെ 1(1)-ാം നമ്പർ ഭരണസമിതി തീരുമാനപ്രകാരം നിശ്ചയിച്ച് കരട് വിജ്ഞാപനം ചെയ്തിട്ടുണ്ട്. നിലവിൽ അന്തിമ വിജ്ഞാപനം പ്രസിദ്ധീകരിച്ചു.

4) സേവന ഉപനികുതി

സേവന ഉപനികുതി നിലവിൽ പിരിക്കുന്നില്ല.

5) 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ പ്രകാരം ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം ഒരു പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ് (ഖണ്ഡിക 1-11).

6) ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളിലെ കടമുറികളുടെ വാടക, ഗേറ്റ് ഫീസ് ലേലതുക, മാട്ടിറച്ചി ലേലതുക, കംഫർട്ട് സ്റ്റേഷൻ ലേലതുക എന്നിവ ഈടാക്കാൻ അവശേഷിക്കുന്നു. വിശദാംശങ്ങൾക്ക് ഖണ്ഡികകൾ കാണുക.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 വനിതകൾക്ക് യോഗപരിശീലനം - മാർഗരേഖയിലില്ലാത്ത ചെലവ്.

പ്രോജക്ട് നം - 183

വികസനഫണ്ട് അടങ്കൽ – 1,00,000/-രൂപ

ചെലവ് – 32,250/-രൂപ

ബിൽ നം – 378/2.2.23 തുക – 8,250/-രൂ (ACR പ്രകാരം)

ബിൽ നം - 651/28.3.23 തുക – 24,000/-രൂ (ACR പ്രകാരം)

മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവഹണം നടത്തിയ പദ്ധതിയാണ് വനിതകൾക്ക് യോഗാപരിശീലനം. സർക്കാർ ഉത്തരവ് (കൈ)115/2022/ത.സ്വ.ഭ.വ തീയതി-28/5/22 പ്രകാരം വനിതകൾ, കുട്ടികൾ, വയോജനങ്ങൾ എന്നിവർക്ക് ആയുഷുമായി ചേർന്ന്, യോഗാപരിശീലനം നൽകാവുന്നതാണ്. ഒരാൾക്ക് ഒരു സെക്ഷന് 400/-രൂപ നിരക്കിൽ പരമാവധി 12,000/-രൂപയാണ് നൽകാവുന്നത്. എന്നാൽ മാർഗരേഖയ്ക്ക് വിരുദ്ധമായി ടി പ്രോജക്ടിൽ 15 Shirt & Lower തയ്ച്ചതിന് ഒരെണ്ണത്തിന് 550/-രൂപ നിരക്കിൽ 8,250/-രൂപ 2-02-2023-ന് Creative Design, Parippally എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. (ഇൻവോയ്സ് നം-1878 തീയതി-1-2-2023). ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച 8,250/-രൂപയുടെ ചെലവ് നിരാകരിക്കുന്നു.

ഓഡിറ്റ് എൻക്വയറി നം – 15 തീ. 30-10-23

നിരാകരിക്കുന്ന തുക – 8,250/-രൂപ

3-2 വിട് മെയിന്റനൻസ് - വാല്വേഷനിലും അധികമായി തുക നൽകി.

പ്രോജക്റ്റ് നം - 147
ഭവനപുനരുദ്ധാരണം എസ്.സി.പി
അടങ്കൽ - 46,00,000/-രൂപ
ചെലവ് – 46,00,000/-രൂപ
ബിൽ നം – 17/3,50,000/-, 17-1-23
ബിൽ നം - 37/3,50,000/-, 24-3-23

2022-23 ൽ വി.ഇ.ഒ നിർവഹണം നടത്തിയ പദ്ധതിയാണ് വീട് മെയിന്റനൻസ് (എസ്.സി.പി). പ്രോജക്റ്റ് പ്രകാരം ഗുണഭോക്താവുമായി എഗ്രിമെന്റിൽ ഏർപ്പെട്ടശേഷം 50% തുക മുൻകൂർ നൽകുന്നു. ആനുകൂല്യം 2 ലക്ഷം രൂപയിൽ താഴെയാണെങ്കിൽ ഓവർസിയർ, എഞ്ചിനീയറിംഗ് വിഭാഗം മൂല്യനിർണയം നടത്തി അവസാനഗഡു അനുവദിക്കാവുന്നതാണ്. പ്രസ്തുത പ്രോജക്റ്റിൽ മനോജ് സുജാത പോങ്ങറുവിള, ചരുവിള പുത്തൻവീട് എന്ന വ്യക്തിയുടെ അപേക്ഷയോടൊപ്പം സമർപ്പിച്ച വാല്വേഷൻ സർട്ടിഫിക്കറ്റിൽ 80,407/-രൂപയെന്നാണ് രേഖപ്പെടുത്തിയത്. എന്നാൽ 13-1-23 ലും 24-3-23 ലും 50,000/-രൂപ വീതം രണ്ടു ഗഡുക്കളായി 1,00,000/-രൂപ നൽകി.

വാല്വേഷനിലും അധികമായി 19,593/-രൂപ നൽകിയതിന്റെ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ഫയലിനോടൊപ്പം സമർപ്പിച്ചത് ആദ്യം എടുത്ത വാല്വേഷൻ ആണെന്നും രണ്ടാമത് എടുത്ത വാല്വേഷൻ ഓഫീസിലെ ഫയലിൽ ഇല്ലാത്തതിനാൽ കൈമോശം വന്നു എന്നും വാല്വേഷൻ ലഭ്യമാക്കുന്നതിന് എ.ഇ യുടെ ഓഫീസിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട് എന്നും പറയുന്നു. വാല്വേഷനിൽ നിന്നും അധികമായി നൽകിയ 19,593/-രൂപയുടെ ചെലവ് നിരാകരിക്കുന്നു. തുക നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്ന് ഈടാക്കി രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം - 3/28-10-2023
നിരാകരിച്ച തുക – 19,593/-രൂപ

3-3 മെറിറ്റോറിയസ് സ്കോളർഷിപ്പ് - ഒരു ഗുണഭോക്താവിന് ഒരേ വർഷം ഒന്നിൽ കൂടുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ആനുകൂല്യം നൽകി.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പദ്ധതി, നം | മെറിറ്റോറിയസ് സ്കോളർഷിപ്പ് ( 164/23) |
| അടങ്കൽ തുക | ₹ 4,80,000/- (വികസന ഫണ്ട്-എസ്.സി.പി)<br>₹ 5,00,000/- (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |
| ചെലവ് തുക | ₹ 48,0,000/- (വികസന ഫണ്ട്-എസ്.സി.പി)<br>₹ 4,90,000/- (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |

സബ്സിഡി മാർഗ്ഗരേഖ ഉത്തരവ് നം.സ.ഉ (കൈ) നം.115/2022/ത.സ്വ.ഭ.വ തീയതി.28.5.22, ഖ.7.2.5 പ്രകാരം മെറിറ്റോറിയസ് സ്കോളർഷിപ്പ് – ഒരാൾക്ക് ഒന്നിൽ കൂടുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ വകുപ്പിൽ നിന്നോ ധനസഹായത്തിന് അർഹതയില്ല. എന്നാൽ 2022-23 ൽ ഗ്രാമ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ഒരേ വ്യക്തിക്കുതന്നെ ആനുകൂല്യം നൽകിയതായി കണ്ടെത്തിയിട്ടുണ്ട്.

| ഗുണഭോക്താവിന്റെ പേര് വിവരം | അനുവദിച്ച സബ്സിഡി (രൂപ) | സബ്സിഡി അനുവദിച്ച തദ്ദേശ സ്ഥാപനം | ബിൽ ഐ.ഡി നം./ബിൽ നം/തീയതി |
|---|---|---|---|
| PRAVEENA P, | 15000.00 | Ithikkara Block | 22030463067700099351 |

| | | | |
|---|---|---|---|
| KUNNUMPURATH VEEDU CHANNAMPOYKA KIZHAKANELA | | Panchayat | |
| | 20000.00 | Kalluvathukkal Grama Panchayat | 2030452094401415737-20/90000, തീ. 23.03.23 |

വെബ് സാംഖ്യ പരിശോധിച്ചതിൽ സർക്കാർ മാർഗ്ഗനിർദ്ദേശത്തിന് വിരുദ്ധമായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ആനുകൂല്യം നൽകിയ ഗുണഭോക്താക്കൾക്ക് ഗ്രാമപഞ്ചായത്തിൽ നിന്നും വീണ്ടും ആനുകൂല്യം നൽകിയിരിക്കുന്നു. ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് പട്ടികജാതി വികസന ഓഫീസറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് ആനുകൂല്യം നൽകിയതെന്ന് അറിയിച്ചിട്ടുണ്ട്. മുകളിൽ പരാമർശിച്ച ഗുണഭോക്താവിന് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ആനുകൂല്യം ലഭ്യമായതിനുശേഷമാണ് പഞ്ചായത്തിൽ നിന്നും തുക അനുവദിച്ചത്. ആയതിനാൽ ഗുണഭോക്താവിൽ നിന്നും തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. ഗുണഭോക്താവ് തുക തിരിച്ചടയ്ക്കാത്തപക്ഷം ക്രമവിരുദ്ധമായ ചെലവിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനെ അന്വേഷണത്തിലൂടെ കണ്ടെത്തി തുക ഈടാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം - 16/30-10-2023
നിരാകരിച്ച തുക – 20,000/-രൂപ

### 3-4 ഹാജരാകാത്ത ട്രെയിനിംഗിനായി ഡി.എ നൽകി.

ഡ്യൂട്ടി സർട്ടിഫിക്കറ്റ് പ്രകാരം ട്രെയിനിംഗിന് ഹാജരാകാത്ത ദിവസങ്ങളിൽ ഹാജരായതായി കാണിച്ച് റ്റി.എ (ഡി.എ) നൽകി. ഗ്രാമപഞ്ചായത്ത് മെമ്പറായ ശ്രീമതി. ബിന്ദു, കൊല്ലം പെരുമൺ എഞ്ചിനീയറിംഗ് കോളേജിൽ വച്ച് നടന്ന മെമ്പറുമാർക്കുള്ള കമ്പ്യൂട്ടർ പരിശീലനത്തിൽ പങ്കെടുത്തിരുന്നു. 2-11-22 മുതൽ 5-11-22 വരെയുള്ള ട്രെയിനിംഗിന്റെ ഡ്യൂട്ടി സർട്ടിഫിക്കറ്റ് പ്രകാരം ശ്രീമതി. ബിന്ദു, 3-11-22, 4-11-22, 5-11-22 തീയതികളിൽ ഹാജരായിരുന്നില്ല. എന്നാൽ ആ ദിവസങ്ങളിലേക്കും 213211/25-11-22 നമ്പർ ചെക്ക് പ്രകാരം ദിനബത്ത നൽകി. ഇപ്രകാരം 1,500/-രൂപ അധികം നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 1,500/-രൂപയുടെ ചെലവ് നിരാകരിക്കുന്നു. തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നമ്പർ - 19/31-10-23
നിരാകരിച്ച തുക - 1,500/-രൂപ

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 27.10.23, 28.10.23 | കെ.എസ്.എ.കെ.എൽ.എം.പി5/1904/23 തീയതി – 12.11.2023 |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (₹) | പ്രൊജക്ടിന്റെ പേര് | ചെലവ് (₹) | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 12,80,000/- | ലൈഫ് ഭവന നിർമ്മാണം എസ് സി പി | 12,80,000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 1,00,000/- | ലൈഫ് ഭവന നിർമ്മാണം ജനറൽ | 1,00,000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 1,60,000/- | ലൈഫ് ഭവന നിർമ്മാണം പട്ടികജാതി വകുപ്പിൽ നിന്നുള്ള അധിക ലിസ്റ്റ് തുക വകയിരുത്തൽ | 1,60,000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 17,70,000/- | ലൈഫ് ഭവന നിർമ്മാണം | 17,70,000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 2,50,000/- | അംഗൻവാടി പോഷകാഹാരം ജനറൽ | 2,50,000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 2,40,000/- | ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോർഷിപ്പ് | 2,40,000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 2,50,000/- | സ്മാർട്ട് അംഗൻവാടി കെട്ടിട നിർമ്മാണം നമ്പർ 90-വാർഡ് 22 | 2,50,000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 6,40,726/- | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 6,40,726/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 4,90,000/- | വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് | 4,90,000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 4,36,025/- | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 4,36,025/- | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 1,00,000/- | അംഗൻവാടി പോഷകാഹാരം എസ് സി പി | 1,00,000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 1,62,700/- | ഭിന്ന ശേഷിയുള്ള കുട്ടികൾക്ക് സ്കോർഷിപ്പ് | 1,62,700/- | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 1,08,517/- | അംഗൻവാടി പോഷകാഹാരം ജനറൽ | 1,08,517/- | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 18,80,000/- | ലൈഫ് ഭവന നിർമ്മാണം | 18,80,000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 2,00,000/- | ലൈഫ് ഭൂരഹിതർക്ക് ഭൂമി വാങ്ങൽ | 2,00,000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 6,80,000/- | ലൈഫ് ഭവന നിർമ്മാണം എസ് സി പി | 6,80,000/- | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ | പ്രവൃത്തിയുടെ | വൗച്ചർ | മുൻകൂർ | ചെലവഴിച്ച | ചെലവഴിക്കാൻ |
|---|---|---|---|---|---|

| ഏജൻസി | പേര് | നമ്പർ/ ചെക്ക് നം. | നൽകിയ തുക (രൂപ) | തുക (രൂപ) | ബാക്കിയുള്ള തുക (രൂപ) |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | പോസ്റ്റ് ഷിഫ്റ്റിംഗ് | 27/17.02.23 | 2,35,815/- | 1,77,809/- | 58,006/- |

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-5 വായ്പ / വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 17,4,80,000/-രൂപ വരവുണ്ട്. മുൻബാക്കി ഇല്ല. 1,74,80,000/-രൂപയിൽ 1,64,20,000/-രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക (രൂപ) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക(രൂപ) | തൻവർഷം തിരിച്ചടച്ച തുക (രൂപ) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (രൂപ) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | | 1,74,80,000/- | 5,68,04,540/- | 70,18,431/- | | 6,72,66,109/- |

4-6 സ്ഥിരനിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 4,08,94,669/- |
| തൻവർഷം നിക്ഷേപിച്ച തുക | 0/- |
| ആകെ | 4,08,94,669/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 4,08,94,669/- |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം വാർഷിക കണക്ക് പ്രകാരം 3,91,92,929/- രൂപയാണ്. എന്നാൽ പരിശോധനയ്ക്ക് ലഭ്യമാക്കിയ രേഖകൾ പ്രകാരമുള്ള സ്ഥിര നിക്ഷേപങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തീയതി | കാലയളവ് | തുക(രൂപ) | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | ഇളംകുളം സർവ്വീസ് സഹകരണ ബാങ്ക് – FD NO.25080/1 | 19.2.20 | 19.2.23 | 53,87,500/- | - |
| 2. | ഇളംകുളം സർവ്വീസ് സഹകരണ ബാങ്ക്- FD NO.9548 | 1.12.20 | 1.12.22 | 19,06,499/- | |
| 3 | നടയ്ക്കൽ സർവ്വീസ് സഹകരണ ബാങ്ക്-FD NO. 20230069418 | 23.10.20 | 23.10.22 | 50,00,000/- | - |
| 4 | നടയ്ക്കൽ സർവ്വീസ് സഹകരണ ബാങ്ക്-FD NO. 20230069419 | 23.10.20 | 23.10.22 | 50,00,000/- | - |
| 5 | നടയ്ക്കൽ സർവ്വീസ് സഹകരണ | 23.10.20 | 23.10.22 | 50,00,000/- | - |

| | | | | | |
|---|---|---|---|---|---|
| | ബാങ്ക്-FD NO. 20230069420 | | | | |
| 6 | നടയ്ക്കൽ സർവ്വീസ് സഹകരണ ബാങ്ക്-FD NO. 20230069421 | 23.10.20 | 23.10.22 | 50,00,000/- | - |
| 7 | ഇൻഡ്യൻ ബാങ്ക്, പാരിപ്പള്ളി<br>FD NO. 628751<br>(A/C No6732346591) | 5.8.20 | 5.8.22 | 61,94,088/- | - |
| 8 | ഇൻഡ്യൻ ബാങ്ക്, പാരിപ്പള്ളി<br>FD NO. 628227<br>(A/C No6732346591) | 2.3.2017 | 6.9.22 | 1,00,775/- | - |
| 9 | എസ് ബി ഐ, വേളമാനൂർ<br>(A/C No. 41588037231) | 13.1.23 | 13.1.23 | 12,62,201/- | - |
| 10 | ഫെഡറൽ ബാങ്ക്, കല്ലുവാതുക്കൽ<br>(A/C No. 12590300092059) | 18.9.20 | 18.9.22 | 12,18,503/- | - |
| 11 | ഗ്രാമീൺ ബാങ്ക്, കല്ലുവാതുക്കൽ<br>FD NO.705076 | 19.3.21 | 19.3.22 | 25,74,794/- | - |
| 13 | കാനറ ബാങ്ക്-242100 | 10.7.20 | 10.7.21 | 22,50,309/- | |
| ആകെ | | | | 4,08,94,669/- | |

ആകെ സ്ഥിര നിക്ഷേപങ്ങളുടെ കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തികൊണ്ട് രജിസ്റ്റർ പരിപാലിക്കുകയോ, നിശ്ചിത ഇടവേളകളിൽ സ്ഥിര നിക്ഷേപങ്ങൾ പുതുക്കുകയോ ചെയ്യുന്നില്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 3,34,500/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഖണ്ഡിക | ഈടാക്കിയ തുക (₹) | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം/തീയതി |
|---|---|---|---|---|
| 2015-16 | 2(2) | 3,34,500/- | ശ്രീ.ശശീന്ദ്രൻ പിള്ള, | 1220103889/28.9.22 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 3-1 | 2006-07 | 3.11.7 | നിക്ഷേപ പ്രവൃത്തികൾ പൂർത്തികരിച്ചിട്ടില്ല | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട് |
| 2007-08 | 3-7 | 2010-11 | 5.2.5 | തൊഴിൽ പരിശീലനം തുക തിരിച്ചടവ് | തുക തിരിച്ചടച്ചു |
| 2008-09 | 3-3 | 2011-12 | 2.4 | ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം | തുക തിരിച്ചടച്ചു |

| | | | | | |
|---|---|---|---|---|---|
| 2015-16 | 2-2 | 2016-17 | 3.13 | അധിക പെർമിറ്റ് ഫീസ് ഈടാക്കാതെ ഓഡിറ്റോറിയത്തിന് നമ്പർ അനുവദിച്ച് നൽകി | നിലനിൽക്കുന്നു |
| 2015-16 | 2-3 | 2016-17 | 3.8 | ഒരു നില പണിയുന്നതിനായി പഞ്ചായത്തിൽ നിന്നും പെർമിറ്റ് നേടിയ ശേഷം മൂന്ന് നില കെട്ടിടം പണിതുയർത്തി | നിലനിൽക്കുന്നു |

4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക(രൂപ) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 8,250/- | ഡോ. മായ ടി ആർ, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 3-2 | | 19,593/- | ശ്രീമതി ഉഷാര, വി.ഇ.ഒ |
| 3-3 | | 20,000/- | ഉത്തരവാദിയെ കണ്ടെത്തുന്നതിന് അന്വേഷണത്തിന് ശുപാർശ ചെയ്തിട്ടുണ്ട്. |
| 3-4 | | 1,500/- | ശ്രീ.ബിജു.എസ്, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 1,08,128/- | ഡോ. മായ ടി ആർ, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 1-19 | 24,000/- | ഡോ. മായ ടി ആർ, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 1-20 | 3,41,907/- | ഡോ. മായ ടി ആർ, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 1-26 | 58,006/- | ശ്രീ.ബിജു.എസ്, സെക്രട്ടറി |
| 1-31 | 2,000/- | ശ്രീ.ബിജു.എസ്, സെക്രട്ടറി |
| 1-33 | 3,000/- | ശ്രീമതി ശ്രീജയ, ഫിഷറീസ് ഇൻസ്പെക്ടർ |

(ബി). കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ബിജു എസ്, സെക്രട്ടറി | സെക്രട്ടറി, കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത് | ധന്യ, തഴുത്തല പി.ഒ, കൊല്ലം |
| ശ്രീമതി തുഷാര, വി.ഇ.ഒ | വി.ഇ.ഒ, ചാത്തന്നൂർ ഗ്രാമപഞ്ചായത്ത് | സുമേഷ് ഭവൻ, പാറയിൽ കടവ്, നെടുംങ്ങോലം. പി. ഒ |
| ഡോ. മായ ടി ആർ, മെഡിക്കൽ ഓഫീസർ, ഹോമിയോ | വിരമിച്ചു | സൗപർണ്ണിക, കുറുമണ്ടൽ, പരവൂർ പി.ഒ, |
| ശ്രീമതി ശ്രീജയ, ഫിഷറീസ് ഇൻസ്പെക്ടർ | ഫിഷറീസ് സ്റ്റേഷൻ, പൊന്നാനി | ജയശൃംഗം, തട്ടാമല പി. ഒ, കൊല്ലം |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | കെ.എസ്.എ.കെ.എൽ.എം-പി 5/413(1)/18, തീ 20.3.18 | 6 |
| 1998-99 | കെ.എസ്.എ.കെ.എൽ.എം-പി 5/413(2)/18, തീ 20.3.18 | 4 |
| 1999-00 | കെ.എസ്.എ.കെ.എൽ.എം-പി 5/413(3)/18, തീ 20.3.18 | 2 |
| 2000-01 | കെ.എസ്.എ.കെ.എൽ.എം-പി 5/413(4)/18, തീ 20.3.18 | 7 |
| 2001-02 | കെ.എസ്.എ.കെ.എൽ.എം-പി 5/413(5)/18, തീ 20.3.18 | 2 |
| 2003-04 | കെ.എസ്.എ.കെ.എൽ.എം-പി 5/413(6)/18, തീ 20.3.18 | 4 |
| 2004-05 | കെ.എസ്.എ.കെ.എൽ.എം-പി 5/413(7)/18, തീ 20.3.18 | 2 |
| 2005-06 | കെ.എസ്.എ.കെ.എൽ.എം-പി 5/413(8)/18, തീ 20.3.18 | 3 |
| 2006-07 | കെ.എസ്.എ.കെ.എൽ.എം-പി 1/1237(12)/14, തീ 20.6.14 | 14 |
| 2007-08 | കെ.എസ്.എ.കെ.എൽ.എം-പി 1/1237(13)/14, തീ 20.6.14 | 14 |
| 2008-09 | എൽ. എഫ്. ക്യൂ. പി 1/1237/14, തീ 20.06.14 | 16 |
| 2009-10 | എൽ. എഫ്. ക്യൂ. പി 1/1237/14, തീ 20.06.14 | 14 |
| 2010-11 | എൽ. എഫ്. ക്യൂ. പി 1/1237/14, തീ 20.06.14 | 10 |
| 2011-12 | കെ.എസ്എ.കെ.എൽ.എം/പി 5/അദാലത്ത് 2011-12/844/22 തീയതി 25.08.2022 | 22 |
| 2012-13 | കെ.എസ്എ.കെ.എൽ.എം/പി 5/അദാലത്ത് 2012-13/844/22 തീയതി 25.08.2022 | 16 |
| 2013-14 & 2014-15 | കെ.എസ്എ.കെ.എൽ.എം/പി 5/അദാലത്ത് 2013-14 & 2014-15/844/22 തീയതി 25.08.2022 | 25 |
| 2015-16 | കെ.എസ്എ.കെ.എൽ.എം/പി 5/അദാലത്ത് 2015-16/844/22 തീയതി 25.08.2022 | 24 |

| | | |
|---|---|---|
| 2016-17 | കെ.എസ്എ.കെ.എൽ.എം/പി 5/477/18 | 20 |
| 2017-18 | കെ.എസ്എ.കെ.എൽ.എം/പി 5-273/19 തീ. 30.4.19 | 16 |
| 2018-19 | കെ.എസ്എ.കെ.എൽ.എം/പി 5-1413/19 തീ. 01.11.19 | 17 |
| 2019-20 | കെ.എസ്എ.കെ.എൽ.എം/പി 5-1356/2021 തീ. 31.03.22 | എല്ലാ ഖണ്ഡികകളും |
| 2020-21 | കെ.എസ്എ.കെ.എൽ.എം/പി 5-1357/2021 തീ. 15/07/2022 | എല്ലാ ഖണ്ഡികകളും |
| 2021-22 | കെ.എസ്എ.കെ.എൽ.എം/പി 5-216/2023 തീ. 01/04/2023 | എല്ലാ ഖണ്ഡികകളും |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 04-07-2023 and submitted on 11-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Kalluvathukkal Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Kalluvathukkal Grama Panchayat for the year 2022-2023

Date: 21/11/2023

Deputy Director
District Office Kollam
Kerala State Audit Department

## Audit Report appended to the Audit Certificate of Kalluvathukkal Grama Panchayat for the Year 2022-2023.

**1.Major Observations**

**2.Other Observations**

1. Cashflow statement - Net increase/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

2. The following mandatory financial statements prescribed in accounting rules are not submitted for audit

Ratios

3. Schedules of the following financial statements are not submitted.

B 1 Schedule

4. Misclassification of Receipt voucher

5. Registers are not reliable for audit

6. Lapses in making timely and accurate demand entries in respect of tax and non tax revenue

7. Lack of authenticated journal vouchers for supporting the adjustment entries recorded in Prior Period items

Non-Disclosure of liability

Non-Disclosure of Assets

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3

## അനുബന്ധ പത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം<br><br>(Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്